JESUS REDEEMS MINISTRIES

# യുവജനലോകം

മാർച്ച് 2024



## യേശുവിന്റെ മുറിപ്പാടുകൾ

യേശു, 2000 വർഷങ്ങൾക്ക് മുമ്പ് പാപത്തിൽ
നിന്ന് നമ്മെ രക്ഷിക്കാൻ, മുറിവുകൾ ഏറ്റു.



പ്രിയ യുവഹൃദയങ്ങൾക്ക് സ്നേഹാശംസകൾ!

"അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും, ത്യജിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു; അവനെ കാണുന്നവർ മുഖം മറച്ചുകളയത്തക്കവണ്ണം അവൻ നിന്ദിതനായിരുന്നു; നാം അവനെ ആദരിച്ചതുമില്ല. സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു; നാമോ ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു" (യെശ.53:3,4)

# ആമുഖം

അശോക് കോളേജിൽ നന്നായി പഠിച്ചുകൊണ്ടിരുന്നു. ജന്മദിനത്തിൽ സ്നേഹിതർക്ക് വിരുന്ന് നൽകണമെന്ന് ആഗ്രഹിച്ചു. അങ്ങനെ ഒരു ദിവസം അവന്റെ എല്ലാ സ്നേഹിതരെയും വീട്ടിലേക്ക് ക്ഷണിച്ചു. അശോക് തന്റെ പിതാവിനോട്: "എന്റെ കൂട്ടുകാർ എന്റെ ജന്മദിനം ആഘോഷിക്കാൻ വരുന്നുണ്ട്. അവരുടെ മുന്നിൽ നിങ്ങളുടെ വികൃതമായ മുഖത്തെ കാട്ടി എന്നെ ലജ്ജിപ്പിക്കരുത്" എന്ന് വളരെ കർക്കശമായി പറഞ്ഞു. അവൻ പറഞ്ഞത് ശരിയാണെന്ന് വൃദ്ധനായ പിതാവ് സമ്മതിച്ചു.

നിശ്ചയിച്ച ദിവസം കൂട്ടുകാരെല്ലാം വീട്ടിലെത്തി, കേക്ക് മുറിച്ചു. അപ്പോൾ അശോകിന്റെ വിരൽ മുറിയുവാനിടയായി. വാത്സല്യത്താൽ നിറഞ്ഞ പിതാവ് ഓടിയെത്തി അവനെ സഹായിക്കാൻ ശ്രമിച്ചു. പിതാവിന്റെ വികൃതമായ മുഖം കണ്ടതും അശോകിന്റെ സ്നേഹിതർ വിരുന്ന് ഉപേക്ഷിച്ച് വീട്ടിൽ നിന്നും ഇറങ്ങിപ്പോയി. അശോക് കോപത്തോടെ, "നിങ്ങൾ എന്തിനാണ് ഇങ്ങനെ ചെയ്തത്, എന്തിനാണ് പുറത്തു വന്ന് എന്റെ കൂട്ടുകാരുടെ മുന്നിൽ എന്നെ അപമാനിച്ചത്?" എന്ന് പറഞ്ഞ് പിതാവിനെ ശകാരിച്ചു.

ഉടനെ പിതാവ് മുറിവിന്റെ കാരണം വിശദീകരിച്ചു. നീ (അശോക്) തൊട്ടിലിൽ കിടന്നപ്പോൾ പെട്ടെന്ന് വീടിന് തീപിടിച്ചു, നിന്നെ രക്ഷിക്കാൻ എന്ത് ചെയ്യണമെന്ന് അറിയാതെ, ഓടിപ്പോയി നിന്നെ ആ തൊട്ടിലിൽ നിന്ന് എടുത്ത് പുറത്തേക്ക് ഓടി. അങ്ങനെയാണ് എനിക്ക് ഈ പരിക്ക് സംഭവിച്ചത്. നിന്നെ രക്ഷിക്കാൻ എന്റെ സൗന്ദര്യം നഷ്ടപ്പെടുത്തി എന്ന് അദ്ദേഹം കണ്ണുനീരോടെ പറഞ്ഞു. ഇത് കേട്ടപ്പോൾ അശോകിന്റെ ഹൃദയം തകർന്നു. അവൻ അച്ഛനെ കെട്ടിപ്പിടിച്ച് ആ വികൃതമായ മുഖത്ത് ചുംബിച്ചു.



**പ്രിയ പൈതലേ, 2000 വർഷങ്ങൾക്ക് മുമ്പ് നിന്നെ രക്ഷിക്കാൻ, നിങ്ങൾക്ക് മനോഹരമായ, അനുഗ്രഹീതമായ ജീവിതം നൽകാൻ കർത്താവ് നിന്റെ പാപങ്ങൾക്കായി മുറിവേൽക്കപ്പെട്ടു.**

| | |
|---|---|
| കർത്താവ് എല്ലാവർക്കും വേണ്ടി മുറിവുകൾ ഏറ്റുവാങ്ങി. | കർത്താവിന്റെ അടിപ്പിണരാൽ നിങ്ങൾക്ക് വിടുതൽ ഉണ്ടാകും. |
| നിങ്ങളുടെ പാപങ്ങൾക്കായി മുറിവേൽക്കാൻ കർത്താവ് തയാറായി. | നിങ്ങൾക്ക് സൗഖ്യം നൽകുവാനായി കർത്താവ് മുറിവുകൾ സ്വീകരിച്ചു. |
| കർത്താവിന്റെ അടിപ്പിണരാൽ നിങ്ങൾക്ക് രക്ഷ ലഭിക്കും. | കർത്താവ് മുറിവുകളെ കെട്ടി ആശ്വസിപ്പിക്കുന്നു. |

യേശുവിന്റെ മുറിവുകൾക്കും പാടുകൾക്കും ഒരു കാരണമുണ്ട്. കർത്താവിന്റെ മുറിവിന്റെ ഫലമായി ഉയിർത്തെഴുന്നേറ്റ ഓരോ യൗവനക്കാരനും ഒരു അഗ്നിജ്വാല പോലെ കർത്താവിനുവേണ്ടി പ്രകാശിക്കും.

കർത്താവിന്റെ അടിപ്പിണരാൽ വിടുവിക്കപ്പെട്ട് വീണ്ടെടുക്കപ്പെട്ടവനായ നീ, ഇന്ന് എന്താണ് ചെയ്യുന്നത്?

ചിന്തിച്ച് പ്രവർത്തിക്കുവിൻ! സ്ഥിരത കൈവരിക്കാൻ തയ്യാറാകുവിൻ!

ക്രിസ്തുവിന്റെ വേലയിൽ
മോഹൻ സി ലാസറസ്




**ഈ പരമ്പരയിൽ ഈ മാസം നാം കാണാൻ പോകുന്ന മുത്താണ് ഫേബ. വേദപുസ്തകത്തിൽ ഫേബയെക്കുറിച്ച് രണ്ട് വാക്യങ്ങൾ മാത്രമേ ഉള്ളൂ (റോമർ 16:1,2). ഫേബ എന്ന പേരിന്റെ അർത്ഥം തെളിച്ചം അല്ലെങ്കിൽ തേജസ്സ് എന്നാണ്. പേര് സൂചിപ്പിക്കുന്നത് പോലെ, അവൾ ക്രിസ്തുവിനുവേണ്ടി തിളങ്ങി. കെംക്രയ സ്വദേശിയാണ് ഫേബ. ഒരുപക്ഷേ അപ്പൊസ്തലനായ പൗലൊസ് ഫേബയെക്കുറിച്ച് അധികം സംസാരിച്ചിട്ടില്ലായിരിക്കാം. എന്നാൽ ഫേബ ഇല്ലായിരുന്നെങ്കിൽ റോമൻ സഭയിൽ ലേഖനം എത്തുമായിരുന്നില്ല. കാരണം ഫേബയുടെ ശുശ്രൂഷ, റോമർക്ക് എഴുതിയ ലേഖനം കെംക്രയയിൽ നിന്ന് റോമൻ സഭയിലേക്ക് എത്തിക്കുക എന്നതായിരുന്നു. ലളിതമായി പറഞ്ഞാൽ, ഫേബ ഒരു Postwoman ആയി പ്രവർത്തിച്ചു. Postwoman ആയി പ്രവർത്തിച്ചോ, ഇത് എന്തൊരു അത്ഭുതമാണെന്ന് ചിന്തിച്ചേക്കാം. ആ കാലഘട്ടത്തിൽ യാത്രാസൗകര്യങ്ങളൊന്നുമില്ലാതിരുന്ന സാഹചര്യത്തിൽ ഒരു സ്ത്രീ ക്രിസ്തുവിനുവേണ്ടി വിശ്വസ്തതയോടെ തന്റെ ജോലി ചെയ്തു.**

ക്രിസ്തുവിനുവേണ്ടി കഠിനാധ്വാനം ചെയ്യുകയും തീക്ഷ്ണതയോടെ നിലകൊള്ളുകയും ചെയ്ത അപ്പൊസ്തലനായ പൗലൊസിൽ നിന്ന് പ്രശംസ നേടുന്നത് അത്ര എളുപ്പമല്ല. എന്നാൽ പൗലൊസ് ഫേബയെ തന്റെ ആത്മീയ സഹോദരിയായാണ് കാണുന്നത്. ഫേബ പൗലൊസിന്റെ സഹോദരി മാത്രമല്ല, ഫേബയുടെ യഥാർത്ഥ ശുശ്രൂഷ അദ്ദേഹത്തെ വിശുദ്ധരുടെ പട്ടികയിലേക്ക് ഉയർത്തി. അതിനുപുറമേ, ഫേബ എല്ലാവർക്കും പ്രത്യേകിച്ച് അപ്പോസ്തലനായ പൗലൊസിന് ഒരു പിന്തുണയായിരുന്നു. അതുകൊണ്ടാണ് പൗലൊസ് അവളെ കെംക്രയ സഭയുടെ ശുശ്രൂഷക്കാരത്തി എന്ന് വിളിച്ചത്.

ഫേബയുടെ ശുശ്രൂഷ ചെറുതായിരുന്നെങ്കിലും, ദൈവ സ്നേഹത്താലാണ് അവൾ അത് ചെയ്യുവാൻ സന്നദ്ധയായത്. പാപത്തിന്റെ ശമ്പളം എന്താണ്? ആത്മീയ മനുഷ്യന്റെ അവസ്ഥ എന്താണ്? റോമർക്ക് എഴുതിയ ലേഖനത്തിലെ എല്ലാ കാര്യങ്ങളും നമുക്ക് അറിയാൻ കഴിയില്ല. ഈ ശുശ്രൂഷ വളരെ ഉത്തരവാദിത്തത്തോടെ ചെയ്ത സ്ത്രീയായിരുന്നു ഫേബ.

**ഇത് വായിക്കുന്ന യുവജനങ്ങളെ, നിങ്ങളുടെ ശുശ്രൂഷ ചെറുതാണെങ്കിലും വിശ്വസ്തതയോടെയും ഉത്സാഹത്തോടെയും ചെയ്ത് ക്രിസ്തുവിനുവേണ്ടി പ്രകാശിക്കുവിൻ.**



# പരാജയം വിജയമായി മാറി!



**യേശുവിനെ അറിയാത്ത കുടുംബത്തിൽ ജനിച്ച്, മാതാപിതാക്കളെ അനുസരിക്കാതിരുന്ന, പഠനത്തിൽ പരാജയത്തിന്മേൽ പരാജയം നേരിട്ട സഹോദരി ധനം ഇപ്പോൾ സർക്കാർ ഓഫീസിൽ ജോലി ചെയ്ത് ശുശ്രൂഷ ചെയ്യുകയാണ്. അവരുടെ വിജയത്തിന്റെ കാരണം എന്താണെന്ന് അവരോട് ചോദിക്കാമോ?**

**നിങ്ങളെയും കുടുംബത്തെയും കുറിച്ച് പറയാമോ?**

എന്റെ പേര് ധനം. തെങ്കാശി ജില്ലയിലെ ശങ്കരൻ കോവിൽ താലൂക്കിലെ വാടിക്കോട്ടൈ എന്ന ഗ്രാമത്തിൽ യേശുവിനെ അറിയാത്ത, പരമ്പരാഗതവും ഭക്തിയുമുള്ള ഒരു കുടുംബത്തിലാണ് ഞാൻ ജനിച്ചു വളർന്നത്. ഞാൻ എന്റെ മാതാപിതാക്കളുടെ രണ്ടാമത്തെ കുട്ടിയാണ്. എന്റെ വീട്ടിൽ ഞാൻ മാത്രമേ രക്ഷിക്കപ്പെട്ടിട്ടുള്ളൂ.

**നിങ്ങളുടെ കുട്ടിക്കാലത്തെക്കുറിച്ച് പറയാമോ?**

എന്റെ കുടുംബത്തിലെ ഏറ്റവും ഇളയമകൾ ആയിരുന്നതുകൊണ്ട് വളരെ ലാളനയോടെയാണ് ഞാൻ വളർന്നത്. കർഷക കുടുംബത്തിൽ ജനിച്ച ഞാൻ കുടുംബത്തിന്റെ ദാരിദ്ര്യം മനസ്സിലാക്കാതെയാണ് വളർന്നുവന്നത്. ഞാൻ ആഗ്രഹിക്കുന്നതെന്തും ഞാൻ നേടും.



വീട്ടിൽ പണമുണ്ടോ, ഇല്ലയോ അതൊന്നും ആലോചിക്കാതെ ഞാൻ ചോദിച്ചു വാങ്ങും. ഇതുമൂലം എന്റെ മാതാപിതാക്കൾ വളരെ കഷ്ടപ്പെട്ടു. പല പ്രാവശ്യം ഞാൻ നിമിത്തം അവർ കണ്ണുനീരിലായി. വളർന്നപ്പോൾ ഞാൻ എന്റെ മാതാപിതാക്കളെ തല്ലാനും ഉപദ്രവിക്കാനും തുടങ്ങി. ഞാൻ മാതാപിതാക്കളെ അനുസരിക്കാത്ത ഒരു മകളായിരുന്നു. അവർക്കെതിരെ സംസാരിക്കുന്ന, അവരെ ബഹുമാനിക്കാത്ത മകളായിരുന്നു.

**ശരി..... അപ്പോൾ നിങ്ങൾ എങ്ങനെയാണ് രക്ഷിക്കപ്പെട്ടത്?**

എന്റെ രക്ഷ എന്റെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഞാൻ സ്കൂളിൽ പഠിക്കുമ്പോൾ എന്റെ കൂട്ടുകാരി യേശുവിനെക്കുറിച്ച് എന്നോട് പറയുമായിരുന്നു. പക്ഷേ, ഞാൻ അവളുടെ വാക്കുകൾ അവഗണിക്കുകയും തമാശയായി കേൾക്കുകയും ചെയ്തിരുന്നു. അവൾ

എന്നോട് പറഞ്ഞുകൊണ്ടേയിരുന്നു. പരീക്ഷയുള്ള ദിവസങ്ങളിൽ മാത്രം ഞാൻ അത് സ്വീകരിക്കും. അതിനുശേഷം, 2018 ൽ ഷോർട്ട് ഹാൻഡ് ടൈപ്പിങ് കോഴ്സ് പഠിക്കുമ്പോൾ തോൽവി ആരംഭിക്കാൻ തുടങ്ങി. അത് എന്നെ വല്ലാതെ ബാധിക്കുകയും ഞാൻ വിഷാദത്തിലാകുകയും ചെയ്തു. അപ്പോൾ ഞാൻ എന്റെ ജീവിതം യേശുവിനായി സമർപ്പിച്ച് കർത്താവിനെ എന്റെ രക്ഷകനായി സ്വീകരിക്കുകയും ചെയ്തു. അപ്പോൾ ഒരു ദൈവീക സമാധാനം എന്റെ ഉള്ളിൽ നിറഞ്ഞു.

**സമാധാനം നേടി, ശരി .... നിങ്ങളുടെ സ്കൂൾ വിദ്യാഭ്യാസത്തെക്കുറിച്ച് പറയാമോ?**

സ്കൂളിൽ പോകുന്നത് എനിക്ക് വളരെ ഇഷ്ടമാണ്. പക്ഷേ, ചില വിഷയങ്ങൾ പ്രയാസമായിരുന്നതിനാൽ എന്റെ സ്കൂൾ ജീവിതം എനിക്ക് ദുരിതപൂർണമാകാൻ തുടങ്ങി. എനിക്ക് പഠിത്തം വെറുപ്പായി മാറി. തമിഴ് വായിക്കുമ്പോൾ പോലും പതറിപ്പോകും. അക്ഷരത്തെറ്റുകൾ ഉണ്ടാകും. ഇംഗ്ലീഷ് എനിക്ക് കയ്പേറിയ വിഷയമാണ്. ഇംഗ്ലീഷ് വായിക്കാൻ എനിക്ക് വളരെ പ്രയാസമാണ്. അതിൽ അക്ഷരതെറ്റുകൾ ഉണ്ടാകും. ഞാൻ തമിഴിൽ അക്ഷരമാല വായിക്കും, ഇംഗ്ലീഷ് അറിയാത്തതിനാൽ ടീച്ചറുടെയും സഹപാഠികളുടെയും മുന്നിൽ ഞാൻ അപമാനിക്കപ്പെട്ടിരുന്നു. ഇതിനാൽ, ഞാൻ ചില തെറ്റുകൾ ചെയ്യുവാൻ തുടങ്ങി. ടീച്ചർ ചോദിക്കുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരം നേരത്തെ എഴുതിവയ്ക്കാൻ തുടങ്ങി. എന്റെ ടീച്ചർ അതും കണ്ടുപിടിച്ചതിനാൽ എനിക്ക് കൂടുതൽ അപമാനം നേരിട്ടു. എന്റെ സ്കൂൾ വിദ്യാഭ്യാസത്തിൽ, പൊതുപരീക്ഷയിൽ 6 മുതൽ 10ാം ക്ലാസ് വരെ തുടർച്ചയായി ഇംഗ്ലീഷ് വിഷയത്തിൽ പരാജയപ്പെട്ടുകൊണ്ടിരുന്നു. ഒരു വർഷം പോലും വിജയിച്ചിട്ടില്ല. പബ്ലിക് പരീക്ഷയിൽ തോറ്റ് സ്കൂളിന് തന്നെ നാണക്കേടുണ്ടാക്കുമെന്ന് ടീച്ചർ പ്രതീക്ഷിച്ചിരുന്നു.

കൂടാതെ, 10 -ാം ക്ലാസ് പൊതു പരീക്ഷയുടെ ഭയം എന്നിൽ വ്യാപരിച്ചു തുടങ്ങി. എല്ലാവരുടെയും മുന്നിൽ ഞാൻ പരാജയപ്പെട്ട് അപമാനിക്കപ്പെടുമോ എന്ന് എന്റെ ഹൃദയത്തിൽ ഭാരം ഉണ്ടാകുവാൻ



തുടങ്ങി. നാളെ പരീക്ഷാഫലം വരുമെന്ന ഭയവും വിറയലും പരീക്ഷ എഴുതുന്നതിന് മുമ്പ് തന്നെ എന്നെ പിടികൂടിയിരുന്നു. ഇക്കാരണത്താൽ, ഞാൻ തനിച്ചിരുന്ന് ഒരുപാട് ചിന്തിക്കാൻ തുടങ്ങി. ഈ സാഹചര്യത്തിൽ യേശുവിന് മാത്രമേ എന്നെ സഹായിക്കാൻ കഴിയൂ, എന്റെ അധ്യാപകർക്കും സ്നേഹിതർക്കും മാതാപിതാക്കൾക്കും എന്നെ സഹായിക്കാൻ കഴിയില്ല എന്ന് തിരിച്ചറിഞ്ഞ്, യേശുവിനെ ആശ്രയിച്ച് പഠിക്കാൻ തുടങ്ങി. 'യേശുവേ, എനിക്ക് ജയം നൽകേണമേ, ഞാൻ ലജ്ജിച്ചുപോകരുതേ!' എന്ന് പ്രാർത്ഥിച്ചു. കർത്താവ് എന്റെ ലജ്ജയെ മാറ്റി ഇംഗ്ലീഷിൽ 58 മാർക്ക് നേടാനും, 500 ൽ 408 നേടാനും കർത്താവ് എന്നെ സഹായിച്ചു. അങ്ങനെ കർത്താവ് എന്റെ തല ഉയർത്തി.

അതിനുശേഷം ഉപരിപഠനത്തിലും കർത്താവിൽ ആശ്രയിച്ച് പഠിക്കാൻ തുടങ്ങി. അറിയാത്ത ഇംഗ്ലീഷ് വാക്കുകൾക്ക് മുകളിൽ തമിഴിൽ എഴുതി വച്ച് വായിക്കാൻ തുടങ്ങി. അങ്ങനെ, ടീച്ചർ എന്നോട് ചോദിക്കുന്ന ചോദ്യങ്ങൾക്കെല്ലാം ഞാൻ ഉടനെ ഉത്തരങ്ങൾ എഴുതും. നോക്കി എഴുതുകയാണെന്ന് പറഞ്ഞ് ടീച്ചറുടെ അടുത്തിരുന്ന് വീണ്ടും എഴുതാൻ ആവശ്യപ്പെടും. ഞാൻ എഴുതുന്നത് ശരിയാണെന്ന് കണ്ട് ടീച്ചർ അത്ഭുതപ്പെട്ടു. ടീച്ചറിന് എന്നോടുള്ള ദേഷ്യം പതുക്കെ പതുക്കെ മാറാൻ തുടങ്ങി. എല്ലാ അദ്ധ്യാപകരും എന്നോട് നന്നായി സംസാരിക്കാൻ തുടങ്ങി. അതിനുശേഷം എന്റെ സ്കൂൾ ജീവിതം വളരെ സന്തോഷകരമായിരുന്നു. അദ്ധ്യാപകരും എന്നെ പഠിക്കാൻ പ്രോത്സാഹിപ്പിച്ചു. ഞാനും പ്രാർത്ഥനയോടെ പഠിച്ചു. അതിന്റെ ഫലമായി പന്ത്രണ്ടാം ക്ലാസിൽ കൊമേഴ്സ് വിഭാഗത്തിൽ 1039 മാർക്ക് നേടാൻ കർത്താവ് കൃപ നൽകി.

സ്കൂൾ പഠനം പൂർത്തിയാക്കിയ ശേഷം, ഞാൻ ഷോർട്ട് ഹാൻഡ്, ടൈപ്പിംഗ് ക്ലാസുകളിൽ പോകാൻ തുടങ്ങി. അതുവരെ കർത്താവിന് അനുസരിച്ചിരുന്ന ഞാൻ ചില പാപങ്ങളിൽ അകപ്പെടാൻ തുടങ്ങി. എന്റെ പ്രാർത്ഥന കുറഞ്ഞു. കർത്താവിനെ അന്വേഷിക്കുന്ന അനുഭവം ക്ഷയിച്ചു തുടങ്ങി. അതുനിമിത്തം ഞാൻ പഠനത്തിൽ

പരാജയപ്പെട്ടു. തുടർന്ന് തോൽവിയുടെ പാതയായിരുന്നു. ഞാൻ പാപത്തെക്കുറിച്ച് അനുതപിക്കുന്നതുവരെ കർത്താവ് എനിക്ക് ജയം നൽകിയില്ല. 2 വർഷം കൊണ്ട് പൂർത്തിയാക്കേണ്ട കോഴ്സ് ഞാൻ 4 വർഷം പഠിച്ചു. അവസാനം എന്റെ പാപം തിരിച്ചറിഞ്ഞ് മാനസാന്തരപ്പെട്ടതിന് ശേഷമാണ് കർത്താവ് എനിക്ക് ഷോർട്ട് ഹാൻഡിലും ടൈപ്പിംഗിലും വിജയം നൽകിയത്.

**സൂപ്പർ ...... ടൈപ്പിംഗ് ട്രെയിനിംഗ് കഴിഞ്ഞ നിങ്ങൾ ഇപ്പോൾ എന്താണ് ചെയ്യുന്നത്?**

അതിനുശേഷം, സർക്കാർ പരീക്ഷയ്ക്ക് പ്രാർത്ഥനയോടെ തയാറെടുക്കാൻ തുടങ്ങി. ഞാൻ പതിവായി സഭയിൽ പോകാറുണ്ട്. 'യേശുവേ എന്നെയും ഒരു സർക്കാർ ഉദ്യോഗസ്ഥയാക്കേണമേ' എന്ന പ്രാർത്ഥനയോടെയാണ് ഞാൻ സർക്കാർ പരീക്ഷ എഴുതിയത്. ഞാൻ പരീക്ഷ പാസ്സായി. കഴിഞ്ഞ വർഷം (2023) ഒക്ടോബർ മുതൽ ഞാൻ ഒരു സർക്കാർ ഓഫീസിൽ ജോലി ചെയ്യുന്നു.

'ആരെയും ഉയർത്തുവാനും മാനിക്കുവാനും കർത്താവിന്റെ കരങ്ങളാൽ സാധിക്കും' എന്ന



വാഗ്ദത്തമനുസരിച്ച്, ഒന്നിനും കൊള്ളാതിരുന്ന ലോകത്താൽ അപമാനിക്കപ്പെട്ടിരുന്ന എന്നെ കർത്താവ് ഉയർത്തി മാനിച്ചിരിക്കുന്നു.

**ഇത് വായിക്കുന്ന യൗവനക്കാരോട് നിങ്ങൾ എന്താണ് പറയാൻ ആഗ്രഹിക്കുന്നത്?**

കർത്താവിന് നമ്മെ ഉയർത്തുവാൻ ഒരു നിമിഷം മതി. എന്നാൽ കർത്താവ് നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത് അനുസരണമാണ്. നിങ്ങളും കർത്താവിന്റെ വാക്ക് അനുസരിച്ച് സമർപ്പിക്കുവിൻ. നിങ്ങളാൽ കഴിയുന്നത്ര അധ്വാനിക്കുവിൻ. കർത്താവ് ജയം നൽകും. കർത്താവ് നിങ്ങളെയും സാക്ഷിയാക്കി നിർത്തും.



പ്രിയ യുവജനങ്ങളെ! നിങ്ങളും പരാജയത്തിന്മേൽ പരാജയം നേരിട്ട് സമൂഹത്തിൽ പിന്നോക്കാവസ്ഥയിലായിരിക്കുന്നുവോ? സഹോദരി ധനം എതിർപ്പുകളുണ്ടായിട്ടും കർത്താവിനെ അനുസരിച്ചും ആശ്രയിച്ചും നിന്നതിനാൽ സർക്കാർ ജോലിയിൽ കർത്താവ് അവളെ ഇന്ന് ഉയർത്തി മാനിച്ചിരിക്കുന്നു. സമൂഹം നമ്മെ അവഗണിച്ചാലും, കർത്താവ് തന്റെ അനാദി തീരുമാനപ്രകാരം നമ്മെ വിളിച്ചു വേർതിരിക്കും. എന്നാൽ നിങ്ങൾ കർത്താവിനെ അനുസരിക്കണം. ഇന്നുതന്നെ നിങ്ങളെ സമർപ്പിക്കുവിൻ. കർത്താവ് നിങ്ങളുടെ ജീവിതം മാറ്റും.

## പരീക്ഷയ്ക്ക് വിദ്യാർത്ഥി, വിദ്യാർത്ഥിനികൾ ചെയ്യേണ്ടത്...



1. കവർപേജിൽ ഉചിതമായ സ്ഥലത്ത് ഒപ്പിടുക.
2. ഉത്തരക്കടലാസിൽ ഒരു പേജിൽ 20 മുതൽ 25 വരികൾ എഴുതുക.
3. ഉത്തരക്കടലാസിന്റെ ഇരുവശത്തും എഴുതുക.
4. പ്രാക്ടിക്കലുകൾ ചെയ്തശേഷം അതിന്റെ ഉത്തരങ്ങൾ വ്യക്തമായി എഴുതണം.
5. ചോദ്യങ്ങളുടെ നമ്പർ തെറ്റാതെ എഴുതണം.
6. രണ്ട് ഉത്തരങ്ങൾക്കിടയിൽ ഒരു സ്പേസ് വിടുക.
7. ചോദ്യപേപ്പറിന്റെ ക്രമം (A & B) പേജിൽ അടയാളപ്പെടുത്തണം.
8. ഉത്തരക്കടലാസിൽ നീലയോ കറുപ്പോ പേന ഉപയോഗിച്ച് എഴുതണം.
9. ഉത്തരക്കടലാസിൽ എഴുതാത്ത പേജുകളിൽ ക്രോസ് ലൈൻ ഇടണം.



# ഒരു അപ്രതീക്ഷിത യാത്ര

യൗവനക്കാർക്ക് എന്റെ ആശംസകൾ, 'നിങ്ങൾക്ക് സാധിക്കില്ല' എന്ന് പലരും നമ്മോട് പറയുമായിരുന്നു. അവരുടെ വാക്കുകൾ കഠിനമായിരുന്നതിനാൽ, ഉടനെ 'നമുക്ക് അത് നേടാനാകുമോ എന്ന് കാണാ'മെന്ന് വെല്ലുവിളിയോടെ വാക്ക് നൽകും. എന്നാൽ ദിവസങ്ങൾ കഴിയുന്തോറും പരാജയവും നാണക്കേടും നമുക്ക് നേരെ കൂടിവരുമ്പോൾ, നാം നൽകിയ വാക്കുകളൊക്കെ പതുക്കെ ഉപേക്ഷിച്ച് പിന്മാറുവാൻ തുടങ്ങും. ഒരുപക്ഷേ ഈ അവസ്ഥയിലാണോ നിങ്ങൾ ഇത് വായിക്കുന്നത്? ഭാരപ്പെടേണ്ട, നിങ്ങളുടെ വാഗ്ദാനം നിറവേറ്റാനുള്ള സമയമാണിത്.നിങ്ങൾക്ക് ഉത്സാഹം നൽകുന്ന ഒരു ജയാളിയുടെ വിജയയാത്ര ഇതാ...

Maria Conceicao ക്വിനെസോമോ (പോർച്ചുഗൽ) സ്വദേശിനിയാണ്. ഒരു പാവപ്പെട്ട കുടുംബത്തിൽ ജനിച്ചു. മരിയയുടെ അമ്മ ദാരിദ്ര്യത്തിൽ വലഞ്ഞപ്പോൾ മരിയ ക്രിസ്റ്റ്യാന എന്ന സ്ത്രീ മരിയയെ സ്വന്തം കുഞ്ഞായി ദത്തെടുത്തു. അവർക്ക് ആറ് കുട്ടികളുണ്ടായിരുന്നു. ഏഴാമത്തെ മകളായി മരിയയെ വളർത്താൻ അവർ സന്നദ്ധരായി. ശുചീകരണത്തൊഴിലാളി ആയിരുന്ന അവർ മറ്റ് കുട്ടികളോട് സ്നേഹവും അനുകമ്പയും കാണിക്കുന്നത് എങ്ങനെയെന്ന് മരിയയെ പഠിപ്പിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം എമിറേറ്റ്സ് എയർലൈൻസിൽ ഫ്ലൈറ്റ് അറ്റൻഡറായാണ് മരിയ തന്റെ കരിയർ ആരംഭിച്ചത്. കാപ്പിയും ചായയും നൽകുന്നതായിരുന്നു മരിയയുടെ ജോലി.

ഒരു ദിവസം മരിയ ജോലി ചെയ്തുകൊണ്ടിരുന്ന വിമാനം ബംഗ്ലാദേശിലെ ധാക്കയിൽ നിർത്തപ്പെട്ടു. വിമാനം പറന്നുയരാൻ വളരെ സമയമെടുക്കുമെന്നതിനാൽ, മരിയ ധാക്ക സന്ദർശിക്കുവാനായി പോയി. ഈ സംഭവം മരിയയുടെ ജീവിതം മാറ്റിമറിച്ചു. പട്ടിണി കിടക്കുന്ന കുട്ടികളും ദാരിദ്ര്യത്തിന്റെ വക്കിലുള്ള നിരവധി കുടുംബങ്ങളുമാണ് മരിയ ധാക്കയിൽ കണ്ടത്. മരിയ അവരെ ഓരോരുത്തരെയും സന്ദർശിച്ച്, കുറഞ്ഞത് 600 കുഞ്ഞുങ്ങളെയെങ്കിലും ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റും എന്ന് വാക്ക് നൽകി തിരിച്ചുപോയി.

വാക്കുകൊടുത്തത് എങ്ങനെ നിറവേറ്റും?' എന്ന ചിന്തയാൽ അവളുടെ മനസ്സ് ഭാരപ്പെട്ടുകൊണ്ടിരുന്നു. അവൾ സമ്പാദിക്കുന്ന ഈ തുക വാഗ്ദാനം നിറവേറ്റാൻ സാധിക്കില്ല എന്ന് ചിന്തിച്ച് ഫ്ലൈറ്റ് അറ്റൻഡന്റ് ജോലി ഉപേക്ഷിച്ചു. സ്ഥിരോത്സാഹത്തോടെയും പരിശീലനത്തോടെയും ആത്മവിശ്വാസത്തോടെയും വലിയ നേട്ടങ്ങൾ കൈവരിക്കുന്നതിലൂടെ വളരെയധികം സാമ്പത്തിക അഭിവൃദ്ധിയിലേക്ക് കടക്കാം എന്ന് ചിലർ പറഞ്ഞു.

1. ടാൻസാനിയയിലെ കിളിമഞ്ചാരോ പർവ്വതം കയറി അവൾ റെക്കോർഡ് സ്ഥാപിച്ചു.

2. എവറസ്റ്റ് കീഴടക്കിയ ആദ്യ പോർച്ചുഗീസ് വനിത എന്ന റെക്കോർഡും അവൾ സ്വന്തമാക്കി.

3. അവൾ ആറാഴ്ചകൊണ്ട് ഏഴ് ഭൂഖണ്ഡങ്ങളിലായി ഏഴ് മാരത്തോണുകൾ ഓടി.

അത്തരം നിരവധി നേട്ടങ്ങൾ അവർ സൃഷ്ടിച്ചു. ഗിന്നസ് വേൾഡ് റെക്കോർഡിൽ നിന്ന് സമ്പാദിച്ച പണം അവർ ബംഗ്ലാദേശിലെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിനായി ഉപയോഗിച്ചു. വളർത്തമ്മയുടെ പേരിൽ മരിയ ക്രിസ്റ്റീന ഫൗണ്ടേഷനും പ്രവർത്തിക്കുന്നുണ്ട്. 39 കുഞ്ഞുങ്ങളുമായി തുടങ്ങിയ അവരുടെ സേവനം ഇപ്പോൾ 600 കുഞ്ഞുങ്ങളിൽ എത്തി നിൽക്കുന്നു. അവൾ എല്ലാവരും അതിശയിച്ചു നോക്കുന്ന ജയാളിയായ സ്ത്രീയായി ജീവിച്ചുകൊണ്ടിരിക്കുന്നു.

ഇത് വായിക്കുന്ന പ്രിയ സ്നേഹിതരെ! മരിയ ഒരു കായിക താരമായി വളർന്നില്ല. പക്ഷേ 600 കുഞ്ഞുങ്ങളെ രക്ഷിക്കുമെന്ന അവളുടെ വാഗ്ദാനം 10 ഗിന്നസ് വേൾഡ് റെക്കോർഡുകൾ നേടാൻ അവരെ പ്രചോദിപ്പിച്ചു. നിങ്ങളും ഞാനും പലതവണ പല വാഗ്ദാനങ്ങൾ നൽകിയിട്ടുണ്ട്. നിങ്ങൾ നിങ്ങളുടെ വാഗ്ദാനം നിറവേറ്റിയോ? അതോ മറന്നുപോയോ? ഒരു ജയാളി എന്തെങ്കിലും ഒഴിവുകഴിവുകൾ പറഞ്ഞ് ഒരു മൂലയിൽ ഒളിക്കുകയില്ല. എല്ലാ സാഹചര്യങ്ങളും ജയിച്ച് മുന്നേറുവിൻ. ഇതുതന്നെയാണ് ശരിയായ സമയം! ധൈര്യത്തോടെ പ്രവർത്തിക്കുവിൻ!

Heart Beat

# പരീക്ഷാ ഭയം






എന്റെ പേര് കാഞ്ചന. ഞാൻ 12-ാം ക്ലാസിൽ പഠിക്കുന്നു. എനിക്ക് ഗവൺമെന്റ് പരീക്ഷയെക്കുറിച്ച് വളരെ ഭയമുണ്ട്. പരീക്ഷാ ദിവസങ്ങൾ അടുക്കുന്തോറും എന്റെ ഭയം കൂടിവരികയാണ്. ആ ഭയം ഒടുവിൽ വിഷാദമായി മാറുന്നു.

പിന്നെ എല്ലാ വിഷയങ്ങളും പാസാകാൻ കഴിഞ്ഞില്ല. Commerce Group -ൽ പഠിക്കുന്നു, 6 വിഷയങ്ങളിൽ 4 വിഷയങ്ങൾ പരാജയപ്പെട്ടു.

അതുകൊണ്ട്, പരീക്ഷ എഴുതുവാൻ തോന്നുന്നില്ല. എല്ലാവരും എന്നെ കളിയാക്കുന്നു. എനിക്ക് ആകെ 600ൽ 120 മാർക്കാണ് ലഭിക്കുന്നത്. എന്റെ വീട്ടുകാരും എന്നെ ഒരുപാട് ശകാരിച്ചു. ഒരുവശത്ത് എപ്പോഴും മദ്യപിക്കുന്ന അച്ഛൻ, മറുവശത്ത് വഴക്കിടുന്ന അമ്മ.

ഇങ്ങനെ പല പ്രയാസങ്ങൾ. പഠിക്കണം എന്നുള്ള മനസ്സേയില്ല. ഒരുവശത്ത് കുടുംബാന്തരീക്ഷം ശരിയല്ല, മറുവശത്ത് പരാജയഭീതിയും, ഭാവിയെക്കുറിച്ചുള്ള ഭയവും എന്നെ അലട്ടിക്കൊണ്ടിരിക്കുന്നു.

ചിലപ്പോൾ, "നിന്നെ സ്നേഹിക്കാൻ ആരുമില്ല, നിനക്ക് പഠിക്കാനുള്ള കഴിവും ബുദ്ധിയുമില്ല, നീ ജീവിച്ചിട്ട് എന്താണ് പ്രയോജനം, അതിനാൽ നീ മരിക്കൂ" എന്നൊരു ശബ്ദം എന്റെ ചെവിയിൽ കേട്ടുകൊണ്ടിരിക്കും. എന്തുചെയ്യണമെന്ന് എനിക്കറിയില്ല. എനിക്ക് പരീക്ഷ എഴുതുവാനും കഴിയുന്നില്ല. എനിക്ക് ജീവിതത്തിൽ മുന്നോട്ട് പോകുവാനും കഴിയുന്നില്ല. ദയവായി എന്നെ സഹായിക്കൂ. - കാഞ്ചന, തിരുപ്പൂർ.

പ്രിയ സഹോദരി കാഞ്ചന, നിങ്ങളുടെ കത്ത് വായിച്ചപ്പോൾ വളരെ വേദനയുണ്ടായി. പഠനത്തിലെ നിരന്തര പരാജയവും, മനോഭാരമുണ്ടാക്കുന്ന കുടുംബാന്തരീക്ഷവും, നിങ്ങളെ തളർത്തുന്ന പരീക്ഷാ ഭയവും മനസ്സിലാകുന്നു.

കാഞ്ചന, നിങ്ങളുടെ ഭയമാണ് നിങ്ങളെ മുന്നേറാൻ വിടാതെ തടയുന്നത്. ഈ ഭയം നിങ്ങളെ വിട്ടുപോകുമ്പോൾ, നിങ്ങൾക്ക് സാധാരണഗതിയിൽ പ്രവർത്തിക്കാൻ കഴിയും. ശരിയായി കൈകാര്യം ചെയ്താൽ ഈ ഭയത്തിൽ നിന്ന് നിങ്ങൾക്ക് വേഗത്തിൽ പുറത്തുവരാൻ കഴിയും. പരീക്ഷാ ദിവസങ്ങളിൽ പേടി ഉണ്ടാകാനുള്ള പ്രധാന കാരണം, നിങ്ങളുടെ മുൻകാല പരാജയങ്ങളാണ്. കുറച്ച് തവണ പരാജയപ്പെട്ടാൽ നിങ്ങൾ ആ 4 വിഷയങ്ങൾ ഒരിക്കലും വിജയിക്കില്ലെന്ന് അർത്ഥമാകുന്നില്ല.

**Thomas Alva Edison - Electric Bulb** കണ്ടുപിടിച്ചപ്പോൾ, ഒരു പത്രപ്രവർത്തകൻ അദ്ദേഹത്തെ നോക്കി, "10,000 പ്രാവശ്യം പരാജയങ്ങൾ വന്നതിനു



ശേഷവും നിങ്ങൾ ഈ ഇലക്ട്രിക് ബൾബ് കണ്ടുപിടിച്ചോ?" എന്ന് ചോദിച്ചു. അതിന് തോമസ് ആൽവ എഡിസൺ: "ഞാൻ 10,000 തവണ പരാജയപ്പെട്ടിട്ടില്ല, മറിച്ച് 10,000 തവണ ഈ വൈദ്യുത ബൾബ് കത്തില്ല എന്ന് ഞാൻ മനസ്സിലാക്കി" എന്ന് വളരെ ഭാരത്തോടെ പറഞ്ഞു.

ഒരിക്കൽ പരാജയപ്പെട്ടാൽ നമ്മൾ തളർന്നുപോകും. എന്നാൽ, തന്റെ കണ്ടുപിടത്തത്തിന്റെ പാതയിൽ 10,000 തവണ പരാജയപ്പെട്ടിട്ടും, നിരാശപ്പെടാതെ വീണ്ടും ശ്രമിച്ച് വിജയം കൈവരിക്കുകയും ഇരുണ്ട ലോകത്തിൽ വെളിച്ചം പരത്തുകയും ചെയ്തു എഡിസൺ.

### കാഞ്ചന, നിങ്ങളെ വിജയത്തിന്റെ പാതയിൽ എത്തിക്കുന്നതിനുള്ള ചില ടിപ്പുകൾ...

1. ആദ്യമായി കഴിയുമെന്ന ആത്മവിശ്വാസം മനസ്സിൽ ഉണ്ടാക്കണം.

2. തുടർച്ചയായി എത്ര പരാജയങ്ങൾ ഉണ്ടായാലും, അത് ചെയ്യുവാൻ കഴിയുമെന്ന് വിശ്വസിക്കുകയും വീണ്ടും ശ്രമിക്കുകയും വേണം.

3. നിങ്ങൾക്ക് പ്രയാസമായി തോന്നുന്ന 4 വിഷയങ്ങളും പഠിക്കാൻ കഴിയുമെന്ന തീരുമാനത്തോടെ പഠിക്കാൻ ശ്രമിക്കുക.

4. നിങ്ങളുടെ അദ്ധ്യാപകരുടെ സഹായവും, നന്നായി പഠിക്കുന്ന സ്നേഹിതരുടെ സഹകരണവും പ്രയോജനപ്പെടുത്തുക.

5. വീട്ടിൽ പഠിക്കുവാനുള്ള അന്തരീക്ഷം ഇല്ലെങ്കിൽ നിങ്ങളുടെ സ്കൂളിലോ സുരക്ഷിതമായ പൊതു സ്ഥലങ്ങളിലോ (ടെറസ്, ലൈബ്രറി, സ്നേഹിതരുടെ വീട്) ഇരുന്ന് പഠിക്കുവാൻ ശ്രമിക്കുക.

6. നിങ്ങളുടെ കുടുംബ സാഹചര്യങ്ങൾക്ക് നിങ്ങളുടെ ഭാവിയെ തടസ്സപ്പെടുത്താൻ കഴിയില്ലെന്ന് ആഴത്തിൽ തീരുമാനിക്കുക.

7. കാഞ്ചന, നിങ്ങളെപ്പോലെ പരാജയത്തിന്റെ വക്കിലെത്തി നിൽക്കുന്ന നിരവധി വിദ്യാർത്ഥികളോട്, യേശുക്രിസ്തു ഒരു പുതിയ പ്രതീക്ഷയും, ശക്തിയും നൽകി തകർന്നുപോയ ജീവിതത്തെ പണിത് ഉയർത്തും എന്ന് അറിയിക്കുക.

"ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്ക് തന്നത്" (2 തിമൊ.1:7).

8. ഒന്നാമതായി, കർത്താവ് നൽകുന്ന ശക്തി നിങ്ങൾക്ക് ഒരു പുതിയ ആത്മവിശ്വാസം നൽകും, നിരന്തരമായ പരാജയങ്ങൾക്ക് ശേഷവും എനിക്ക് കഴിയും എന്ന ചിന്ത നിങ്ങൾക്ക് പ്രവർത്തിക്കാനുള്ള ശക്തി നൽകും ( You will get the new power to process your studies).

9. രണ്ടാമതായി, കർത്താവ് നൽകുന്ന താല്പര്യം. നിങ്ങൾ ഇതുവരെ പഠിക്കാത്തതിന്റെ കാരണം നിങ്ങൾക്ക് പഠിക്കാൻ താൽപര്യമില്ലാത്തതാണ്. യേശു നിങ്ങൾക്ക് പഠിക്കുവാനായി ഒരു പുതിയ ആഗ്രഹം നൽകുന്നതിനാൽ നിങ്ങൾ മനസ്സോടെ പഠിക്കാൻ തുടങ്ങുമ്പോൾ, വിജയം ഉറപ്പാണ്.

10. മൂന്നാമതായി, കർത്താവ് സുബോധം നൽകുന്നു. പലപ്പോഴും നിങ്ങൾ, എന്ത് പഠിക്കണം, എങ്ങനെ പഠിക്കണം എന്ന ആശയക്കുഴപ്പത്തിലാണ്. എന്നാൽ ഇപ്പോൾ യേശു നിങ്ങൾക്ക് വ്യക്തമായ ധാരണ നൽകുന്നതിനാൽ, നിങ്ങൾക്ക് എല്ലാം ശരിയായി ചിന്തിക്കുവാനും, ഊഹിച്ച് ചെയ്യുവാനും സാധിക്കും.

അതുകൊണ്ട് കാഞ്ചന തളർന്നുപോകരുത്. നിങ്ങളുടെ ചെവിയിൽ കേൾക്കുന്ന ശബ്ദം ശ്രദ്ധിക്കരുത്. യേശുവാണ് നിങ്ങളെ ജീവിപ്പിക്കുന്ന ദൈവം. ജയാളിയായി ജീവിക്കുവാൻ നിശ്ചയമായും കർത്താവ് നിങ്ങളെ സഹായിക്കും. അതുകൊണ്ട് ഭയപ്പെടേണ്ട. യേശുവിലുള്ള നിങ്ങളുടെ വിശ്വാസം ദൃഢമാകുമ്പോൾ, ഭയത്തെ അതിജീവിക്കുവാനും, ജ്ഞാനവും ഇച്ഛാശക്തിയും സുബോധവും പ്രാപിച്ച്, വിജയകരമായ ജീവിതം നയിക്കുവാനും നിങ്ങൾക്ക് കഴിയും. **All the Best!**



# യേശുവിന്റെ അടിപ്പിണരുകൾ

ശരീരത്തിൽ ചെറിയ മുറിവോ പോറലോ ഏൽക്കുകയാണെങ്കിൽ അത് ദിവസങ്ങൾക്കുള്ളിൽ തനിയെ സൗഖ്യമാകുന്നത് കാണാം. അത്തരം ചെറിയ മുറിവുകൾ നമ്മെ കൂടുതൽ ആശങ്കപ്പെടുത്തുന്നില്ല. എന്നാൽ നമ്മുടെ ശരീരത്തിൽ സൗഖ്യമാക്കുവാൻ കഴിയാത്ത മുറിവുകളും ബലഹീനതകളും രോഗങ്ങളും ഉണ്ടാകുമ്പോൾ, അവ ഒന്നിനുപുറകെ ഒന്നായി വലിയ നാശനഷ്ടങ്ങൾ ഉണ്ടാക്കും. ഇത്തരം മുറിവുകൾ ലോകത്തിൽ കണ്ടെത്തിയ മരുന്നുകളാൽ സൗഖ്യമാക്കാം. എന്നാൽ ഈ ലോകത്തിന് ഭേദമാക്കാൻ കഴിയാത്ത മുറിവുകളും രോഗങ്ങളും നമുക്കുണ്ടാകുമ്പോൾ, "... അവന്റെ (യേശുവിന്റെ) അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു" (യെശ. 53:5).

യേശു ക്രൂശ് ചുമക്കുവാനും വാറുകൊണ്ട് അടിയേൽക്കുവാനും സ്വയം ഏല്പിച്ചുകൊടുത്തപ്പോൾ, ആദ്യ മനുഷ്യനായ ആദാമിന്റെ അതിക്രമം മൂലമുണ്ടായ മുറിവിനെ യേശുവിന്റെ മുറിവുകൾ സൗഖ്യം നൽകി. "അടിക്കുന്നവർക്ക്, ഞാൻ എന്റെ മുതുകും രോമം പറിക്കുന്നവർക്ക് എന്റെ കവിളും കാണിച്ചുകൊടുത്തു" (യെശ. 50:6) എന്ന വചനം നിറവേറ്റുവാനായി നമ്മുടെ പാപങ്ങളും അകൃത്യവും മൂലമുണ്ടാകുന്ന രോഗങ്ങളും ബലഹീനതകളും സൗഖ്യമാക്കുവാൻ യേശു ക്രൂശിൽ സ്വയം യാഗമായി. വാറടി എന്നാൽ വടികൊണ്ടോ ചാട്ടകൊണ്ടോ അടിക്കുന്നതല്ല. റോമൻ ഗവൺമെന്റ് ആർക്കെങ്കിലും കഠിനമായ ശിക്ഷ നൽകുവാൻ തീരുമാനിച്ചാൽ, അവർ വാറുകൊണ്ട് അടിക്കും. അതിനാൽ മാംസം ചിതറപ്പെടുന്നതും രക്തം ചൊരിയുന്നതും സാധാരണമാണ്.

യേശുവിന്റെ ശരീരത്തിലെ ഓരോ അടിയും എത്ര ആഴത്തിൽ കടന്നുപോയി കർത്താവിന്റെ മാംസം കീറിമുറിച്ചിട്ടുണ്ടാകുമെന്ന് ചിന്തിക്കുവിൻ. "ഉഴവുകാർ എന്റെ മുതുകിന്മേൽ ഉഴുതു; ഉഴവുചാലുകളെ അവർ നീളത്തിൽ കീറി" (സങ്കീ. 129:3). നാം സൗഖ്യത്തോടെ ജീവിക്കുവാനായി ക്രൂശിൽ ധാരാളം മുറിവുകളും വേദനകളും സഹിച്ചുകൊണ്ടാണ് യേശു ദൈവത്തിന്റെ നീതി വെളിപ്പെടുത്തിയത്.

നമ്മുടെ ശരീരത്തിലെ മുറിവുകൾ കുറച്ച് ദിവസത്തേക്ക് വേദന ഉണ്ടാക്കുകയും അപ്രത്യക്ഷമാവുകയും ചെയ്യുന്നു. എന്നാൽ നമ്മുടെ ഹൃദയത്തിലെ മുറിവുകൾ നമ്മുടെ നിത്യജീവിതത്തെ ബാധിക്കുന്നു. തകർന്ന മനസ്സ് സൗഖ്യമായില്ലെങ്കിൽ മനുഷ്യൻ നടക്കുന്ന ശവമായി മാറുകയും, അവന്റെ ജീവിതം മുഴുവൻ കഷ്ടപ്പെടുകയും ചെയ്യും. എല്ലാ സമ്പത്തും സ്ഥാനമാനങ്ങളും ഉണ്ടായിരുന്ന സക്കായിക്കും ഹൃദയത്തിൽ ഒരു മുറിവുണ്ടായിരുന്നിരിക്കാം. 'എന്നെ സ്നേഹിക്കുവാൻ ആരുമില്ലല്ലോ' എന്ന



സങ്കടവും അവന്റെ ഹൃദയത്തെ വല്ലാതെ വേദനിപ്പിച്ചിരിക്കണം. അതുകൊണ്ടാണ് എല്ലാവരും വെറുക്കുകയും ഒഴിവാക്കുകയും ചെയ്തിട്ടും യേശു എങ്ങനെയുള്ളവൻ എന്ന് കാണുവാൻ അവന്റെ ഹൃദയം ആഗ്രഹിച്ചത്. മുറിവേറ്റ അവന്റെ ഹൃദയം കെട്ടാൻ യേശു "സക്കായിയേ, വേഗം ഇറങ്ങിവാ; ഞാൻ ഇന്നു നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു" എന്ന് അവനോടു പറഞ്ഞു (ലൂക്കോ. 19:5). ഈ വാക്കുകൾ അവന്റെ ഹൃദയത്തിൽ സന്തോഷം മാത്രമല്ല, തകർന്ന ഹൃദയത്തെ സൗഖ്യമാക്കുക മാത്രമല്ല, അവൻ നിത്യജീവൻ അവകാശമാക്കുകയും ചെയ്തു. " മനം തകർന്നവരെ അവൻ സൗഖ്യമാക്കുകയും അവരുടെ മുറിവുകളെ കെട്ടുകയും ചെയ്യുന്നു" ( സങ്കീ. 147:3) എന്ന വചനമനുസരിച്ച് യേശു സക്കായിയുടെ ഹൃദയത്തിലെ മുറിവുകളെ സൗഖ്യമാക്കി.

നമ്മുടെ ബാഹ്യജീവിതത്തിൽ നാം എത്ര നല്ല നിലയിൽ കാണപ്പെട്ടാലും, അതിന്റെ യഥാർത്ഥ അവസ്ഥയെയും മനസ്സിലാക്കി, തകർന്ന ഹൃദയത്തോടെ നിലവിളിക്കുന്ന ആത്മാക്കളെ കർത്താവ് തള്ളിക്കളയുകയില്ല.

യേശുവിന്റെ പ്രധാന ശിഷ്യന്മാരിൽ ഒരാളായ പത്രൊസ് യേശുവിനെ മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞതിന് ശേഷവും, "കർത്താവ് തിരിഞ്ഞു പത്രൊസിനെ നോക്കി" (ലൂക്കോ 22:61). ആ ഒറ്റ നോട്ടത്തിൽ തന്നെ പത്രൊസ് തന്റെ തെറ്റ് മനസ്സിലാക്കി യേശു പറഞ്ഞത് ഞാൻ ചെയ്തുവല്ലോ ഞാൻ ചെയ്യുകയില്ലെന്ന് പറഞ്ഞത് ഞാൻ ചെയ്തു എന്നു പറഞ്ഞ് അവൻ അതിദുഃഖത്തോടെ കരഞ്ഞു. ".... തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ, ദൈവമേ, നീ നിരസിക്കയില്ല" (സങ്കീ. 51:17) എന്ന



വചനപ്രകാരം തന്റെ തെറ്റ് മനസ്സിലാക്കിയ പത്രൊസിനെ ഉയിർത്തെഴുന്നേറ്റ യേശു അന്വേഷിച്ച് വന്ന്, അവനെ സൗഖ്യമാക്കി തന്റെ സ്നേഹം വെളിപ്പെടുത്തി.

എന്റെ പ്രിയപ്പെട്ട യൗവനക്കാരെ, ഇന്നുള്ള മരുന്നുകൾക്ക് നമ്മുടെ രോഗങ്ങളെ നിയന്ത്രിക്കാൻ മാത്രമേ സഹായിക്കൂ, പക്ഷേ, രോഗം ശാശ്വതമായി ഭേദമാക്കാനാവില്ല. എന്നാൽ, ' ക്രൂശിക്കപ്പെട്ട യേശുവിനെ ഞാൻ വിശ്വസിക്കുന്നു, യേശു ചൊരിഞ്ഞ രക്തം എന്റെ ശരീരത്തെയും തകർക്കപ്പെട്ട എന്റെ ഹൃദയത്തെയും സൗഖ്യമാക്കും' എന്ന് നിങ്ങൾ വിശ്വസിക്കുമ്പോൾ നിങ്ങൾ സൗഖ്യമാകും.



# എന്തിനാണ് ക്രൂശ്!!

"മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല; ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നു ...." (മത്തായി 20:28).
ഈ ലോകത്തിൽ ജനിച്ച ഏതൊരു മനുഷ്യനും 'എനിക്ക് ജീവിക്കണം' എന്ന് മാത്രമേ പറയൂ. എന്നാൽ യേശു മാത്രമാണ് ' എന്റെ ജീവൻ യാഗമായർപ്പിക്കാനാണ് ഈ ലോകത്തിലേക്ക് വന്നത്' എന്ന് പറഞ്ഞത്. കർത്താവ് പറഞ്ഞതുപോലെ 33 1/2 വയസ്സിൽ കാൽവരിയിലെ ക്രൂശിൽ മരിക്കാൻ സ്വയം ഏല്പ്പിച്ചുകൊടുത്തു.
യേശു ക്രൂശുമെടുത്ത് എബ്രായ ഭാഷയിൽ ഗൊല്ഗൊഥാ എന്നു വിളിക്കപ്പെടുന്ന തലയോടിടം എന്ന സ്ഥലത്തേക്ക് പോയി. "അവർ അവനെയും (യേശുവിനെയും) അവനോടുകൂടെ വേറേ രണ്ട് ആളുകളെയും ഒരുത്തനെ അപ്പുറത്തും ഒരുത്തനെ ഇപ്പുറത്തും യേശുവിനെ നടുവിലുമായി ക്രൂശിച്ചു" (യോഹ. 19:17,18).
യേശു യെരുശലേമിലൂടെ ക്രൂശ് ചുമന്ന് ഗൊല്ഗൊഥാ എന്ന മലയിൽ ക്രൂശിക്കപ്പെട്ടു. യേശു കർത്താവിന്റെ ഇരുകൈകളും ആണികൾ അടിച്ച് ചോരയൊലിക്കുന്ന നിലയിലായിരുന്നു. തലയിൽ മുൾകിരീടം ചൂടപ്പെട്ടതിനാൽ മുഖമെല്ലാം രക്തമായിരുന്നു. യേശുവിന്റെ പാദങ്ങളിൽ നിന്നും ആണിയിലൂടെ രക്തം ഒഴുകുന്നുണ്ടായിരുന്നു. രണ്ട് കള്ളന്മാർക്കിടയിൽ ഒരു കള്ളനെപ്പോലെ യേശു ആ ക്രൂശിൽ ജീവൻ നൽകി.

## നമ്മെ സൃഷ്ടിച്ച ദൈവം എന്തിന് ഒരു കള്ളനെപ്പോലെ മരിക്കണം?

ഇംഗ്ലണ്ട് ഒരിക്കൽ ലോകത്തിലെ പല രാജ്യങ്ങളെയും ഭരിച്ചിരുന്നതുപോലെ, റോമൻ സാമ്രാജ്യം ഇസ്രായേൽ രാജ്യത്തെ അടിമകളാക്കി ഭരിച്ചു. റോമൻ ഗവൺമെന്റിനെ ആരെങ്കിലും എതിർക്കുകയോ അവർക്ക് വിരോധമായി പ്രവർത്തിക്കുകയോ ചെയ്താൽ ക്രൂശുമരണം എന്ന ക്രൂരമായ മരണശിക്ഷ നൽകും. അതുകൊണ്ട് ആ ഏകാധിപത്യ ഭരണത്തെ ജനങ്ങൾ ഭയന്ന് വിറച്ചിരുന്നു. ഒരു മനുഷ്യനെ ക്രൂശിക്കാൻ തീരുമാനിച്ചാൽ, അവർ അവനെ 39 തവണ അടിക്കുകയും പീഡിപ്പിക്കുകയും ചെയ്യും. ചാട്ടവാറടി ഒരു സാധാരണ ചാട്ടയല്ല. അതിന്റെ അറ്റത്ത് ഇരുമ്പ് കഷ്ണങ്ങളും അതിന്റെ നടുവിൽ മുള്ളുകളും ഘടിപ്പിച്ചിരിക്കും. ഒരൊറ്റ അടികൊണ്ട് മുതുകിലെ മാംസം മുഴുവനും പറിഞ്ഞുപോകും. ആ ചാട്ടകൊണ്ട് യേശുവിനെ 39 തവണ അടിച്ചു. മുതുകിലെ മാംസമെല്ലാം ചിതറിപ്പോയി. ആ വേദനയ്ക്കുപുറമേ യേശു ഭാരമുള്ള ക്രൂശ് ചുമലിൽ വഹിച്ചു. (യേശു വഹിച്ച ക്രൂശിന് 180 കിലോഗ്രാം ഭാരവും 15 അടി നീളവും 8 അടി വീതിയുമുണ്ടായിരുന്നു).



മർദ്ദനത്താലും മുറിവുകളാലും രക്തത്തിൽ കുളിച്ചിരുന്ന യേശു ആ ഭാരമേറിയ കുരിശ് ചുമന്നു.

മതനേതാക്കൾ യേശുവിനെ അപമാനിക്കുകയും അധിക്ഷേപിക്കുകയും ചെയ്തു. യേശുവിനോട് അസൂയയുള്ളവർ യേശുവിനെ നോക്കി പരിഹസിച്ചു. യേശുവിനെ ഗൊല്ഗൊഥാ മലയിലേക്ക് കൊണ്ടുവന്നപ്പോൾ, കർത്താവിന്റെ വസ്ത്രമെല്ലാം അഴിച്ചുമാറ്റി, ഒരു കുരിശിൽ കിടത്തി, ആണിയടിച്ച് തൂക്കിനിർത്തി. ആരോഗ്യമുള്ള ഒരു മനുഷ്യൻ ആ ക്രൂശിൽ മരിക്കാൻ 11 മണിക്കൂർ വേണ്ടിവരുമെന്ന് ചരിത്രം പറയുന്നു. എന്നാൽ യേശു 6 മണിക്കൂർ ആ ക്രൂശിൽ തൂങ്ങിക്കിടന്ന് മരണപ്പെട്ടതായി വചനത്തിൽ പറയപ്പെടുന്നു.



## എന്തുകൊണ്ടാണ് യേശുവിന് ഇത്ര ക്രൂരമായ മരണം സ്വീകരിക്കേണ്ടിവന്നത്?

യേശു മരിക്കേണ്ടതും ഉയിർത്തെഴുന്നേൽക്കേണ്ടതും അനിവാര്യമായിരുന്നു. പീലാത്തോസ് എന്ന റോമൻ ഗവർണർക്ക് വധശിക്ഷ വിധിക്കാൻ അധികാരമുണ്ടായിരുന്നു. യേശുവിനോട് അസൂയപൂണ്ട മതവിശ്വാസികൾ യേശുവിനെ കൂട്ടികൊണ്ട് ഗവർണറുടെ മുമ്പാകെ നിർത്തി, തെറ്റായ ആരോപണങ്ങൾ ഉന്നയിച്ച് യേശുവിനെ കൊല്ലുവാൻ ഗൂഢാലോചന നടത്തി. പീലാത്തോസ് എല്ലാം അന്വേഷിച്ച ശേഷം, ഈ മനുഷ്യനിൽ ഞാൻ ഒരു കുറ്റവും കാണുന്നില്ല.

യേശു നിരപരാധിയാണ്, അവനിൽ ഒരു കുറ്റവും ഇല്ല, നിങ്ങൾ തെറ്റായ ആരോപണങ്ങളാണ് ഉന്നയിക്കുന്നത് എന്ന് പറഞ്ഞു. എന്നാൽ ആ മതനേതാക്കൾ യേശുവിനെ ക്രൂശിക്കണം, അല്ലാത്തപക്ഷം നിങ്ങളുടെ സ്ഥാനം ഞങ്ങൾ എടുത്തുകളയുമെന്ന് പീലാത്തോസിനെ ഭീഷണിപ്പെടുത്തിയതിനാൽ, അവന്റെ സ്ഥാനം രക്ഷിക്കാൻ യേശുവിനെ ക്രൂശിക്കാൻ അദ്ദേഹം സമ്മതിച്ചതായി വേദപുസ്തകത്തിൽ കാണാം.

## നിരപരാധിയാണെന്ന് തെളിയിക്കപ്പെട്ടശേഷം, എന്തിനാണ് യേശുവിനെ ക്രൂശിച്ചത്?

യേശുവിനെ ക്രൂശിക്കാൻ ആർക്കും കഴിയില്ല. ഒരു നീതിപീഠത്തിന്റെ തീരുമാനത്തിനും യേശുവിനെ ക്രൂശിലേക്ക് കൊണ്ടുപോകുവാൻ പോലും കഴിയില്ല. റോമൻ ഗവൺമെന്റിനും യേശുവിനെ ക്രൂശിക്കാൻ കഴിയില്ല. ഒരു മതനേതാക്കൾക്കും അദ്ദേഹത്തെ ക്രൂശിക്കാൻ കഴിയില്ല. "നമ്മെ വിടുവിക്കേണ്ടതിനു നമ്മുടെ പാപങ്ങൾ നിമിത്തം, യേശു തന്നെത്താൻ ഏല്പിച്ചുകൊടുത്തു" (ഗലാ.1:3) എന്ന് എഴുതിയിരിക്കുന്നു. എന്റെ ജീവനെടുക്കാൻ ആർക്കും അധികാരമില്ല, ഒരു ഗവൺമെന്റിനും എന്റെ ജീവനെടുക്കാൻ കഴിയില്ല. ഞാൻ എന്റെ ജീവൻ വച്ചുകൊടുത്തു, അത് തിരികെ എടുക്കും എന്ന് യേശു പറഞ്ഞു. "ഞാൻ തന്നെ അതിനെ കൊടുക്കുന്നു; അതിനെ കൊടുപ്പാൻ എനിക്ക് അധികാരം ഉണ്ട്; വീണ്ടും പ്രാപിപ്പാനും അധികാരം ഉണ്ട്" (യോഹ.10:18) എന്ന് യേശു പറഞ്ഞതുപോലെ, യേശു ക്രൂശിൽ തന്റെ ജീവൻ നൽകി, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്നു. യെരുശലേമിൽ പോയാൽ ഇന്നും യേശുവിനെ ക്രൂശിലേറ്റിയ സ്ഥലം കാണാൻ കഴിയും. അവർ യേശുവിനെ കല്ലറയിൽ അടക്കം ചെയ്തു. മൂന്നാം ദിവസം യേശു മരണത്തെ കീഴടക്കി ജീവനോടെ ഉയിർത്തെഴുന്നേറ്റു. യേശു ഇന്നും ജീവനോടെ ഇരിക്കുന്നു.

എന്റെ പ്രിയപ്പെട്ട യൗവന മകനേ, മകളേ! പാപം അറിയാത്ത യേശു നിങ്ങൾക്കായി, എനിക്കായി കുരിശിൽ മരിക്കാൻ തന്നെത്താൻ സമർപ്പിച്ചു. നിങ്ങൾ ഒരു ക്രിസ്ത്യാനിയോ അക്രൈസ്തവനോ ആകാം. ഈ ലോകത്തിൽ ജനിച്ച ഓരോ മനുഷ്യനും വേണ്ടിയാണ് യേശു ക്രൂശിൽ മരിക്കാൻ തന്നെത്താൻ സമർപ്പിച്ചത്. മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ നമ്മുടെ സർവ്വശക്തനായ കർത്താവിനെ ഇന്ന് നിങ്ങളുടെ ഹൃദയത്തിലേക്ക് സ്വീകരിക്കാൻ നിങ്ങൾ തയാറാണോ?

# ഓൺലൈൻ ലോൺ

3 വർഷത്തിനിടെ രാജ്യത്തുടനീളം 5000 - ത്തിലധികം ഓൺലൈൻ വായ്പ ആത്മഹത്യകൾ ഔദ്യോഗികമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഓൺ ലൈൻ ലോൺ എന്നാണ് ഈ ഡിജിറ്റൽ ലോൺ അറിയപ്പെടുന്നത്. കടം വാങ്ങി അടയ്ക്കാൻ കഴിയാത്ത അവസ്ഥയിൽ അത് കഴുത്തിൽ കുരുക്കാകും. ഒന്നാമതായി, വളരെ കുറഞ്ഞ പലിശ നിരക്കിൽ പലിശ രഹിത വായ്പ ലഭിക്കുമെന്ന് പറഞ്ഞ് വലിയ തുക വായ്പ വാങ്ങാമെന്ന് അവർ നിങ്ങളെ വിശ്വസിപ്പിക്കുന്നു. എന്നാൽ ഈ ലോൺ ലഭിക്കുകയും ചില തവണകൾ അടയ്ക്കുകയും ചെയ്യുമ്പോഴാണ് മീറ്റർ പലിശയെക്കാൾ ഉയർന്ന നിരക്കിലാണ് ഓൺലൈൻ വായ്പകൾക്ക് പലിശ ഈടാക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിയുന്നത്.

### പ്രാർത്ഥനാ വിഷയങ്ങൾ

1. ഓൺലൈൻ ലോൺ എടുക്കുവാൻ ആഗ്രഹിക്കുന്നവർ അത് പാപമാണെന്ന് മനസ്സിലാക്കുവാനായി പ്രാർത്ഥിക്കുവിൻ.
2. ഡിജിറ്റൽ ലോണുകൾ നൽകി ആളുകളെ ദ്രോഹിക്കുന്ന ഓൺലൈൻ ആപ്പുകൾ നിരോധിക്കുവാനായി പ്രാർത്ഥിക്കുവിൻ.
3. 5000 ത്തിലധികം ആത്മഹത്യകൾ നടന്ന ഈ അവസ്ഥ തുടരാതിരിക്കുവാൻ പ്രാർത്ഥിക്കുവിൻ.
4. ജനങ്ങൾക്കിടയിൽ ബോധവത്കരണത്തിനും അമിത പലിശ ഈടാക്കുന്നവർക്കെതിരെ ഗവൺമെന്റ് ഉചിതമായ നടപടി സ്വീകരിക്കുവാനും പ്രാർത്ഥിക്കുവിൻ.

# പ്രാർത്ഥനാ ഡയറി മാർച്ച് 2024

## സ്ത്രീകൾക്കെതിരായ അതിക്രമം

ഐക്യരാഷ്ട്രസംഘടനയുടെ കണക്കനുസരിച്ച് ഇന്ത്യയിൽ പ്രതിവർഷം 20,000 ത്തിലധികം സ്ത്രീകൾ ആക്രമണത്തിന് വിധേയരാകുന്നു എന്ന് സ്ഥിതിവിവരക്കണക്കുകൾ പറയുന്നു. ഓരോ മണിക്കൂറിലും 39 ബലാത്സംഗ കേസുകളാണ് റിപ്പോർട്ട് ചെയ്യുന്നത്. കഴിഞ്ഞ 10 വർഷത്തിനിടെ മാത്രം 2,78,886 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 75.8 ലക്ഷം സ്ത്രീകൾ താമസിക്കുന്ന ഡൽഹിയിൽ 13,000 ത്തിലധികം കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഡൽഹിയിൽ ഒരു ലക്ഷം സ്ത്രീകളിൽ 182 പേർ രോഗബാധിതരാണെന്ന് സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നു. ലോകത്താകമാനം 85 കോടി 25 ലക്ഷം പെൺ കുട്ടികൾ 15 വയസ്സ് മുതൽ ലൈംഗികാതിക്രമത്തിന് വിധേയരായതായി ഗവേഷണങ്ങൾ വെളിപ്പെടുത്തുന്നു. ആഗോളതലത്തിൽ, 15 നും 25 നും ഇടയിൽ പ്രായമുള്ള 4 പെൺ കുട്ടികളിൽ ഒരാൾ(25%) , അല്ലെങ്കിൽ ഏകദേശം 641 ദശലക്ഷം പെൺകുട്ടികൾ 20 വയസ്സ് ആകുമ്പോഴേക്കും ലൈംഗികമായോ ശാരീരികമായോ ഉപദ്രവം നേരിടുന്നു എന്ന് പഠനങ്ങൾ പറയുന്നു.

### പ്രാർത്ഥനാ വിഷയങ്ങൾ

1. ലൈംഗികാതിക്രമങ്ങൾക്ക് ഇരയായ സ്ത്രീകളുടെ വിടുതലിനും, അവരുടെ ജീവിതനിലവാരം മെച്ചപ്പെടുന്നതിനുമായി പ്രാർത്ഥിക്കുവിൻ.
2. ഇന്ത്യയിൽ ജീവിക്കുന്ന സ്ത്രീകൾക്ക് സംരക്ഷണം ലഭിക്കുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനും വേണ്ടി പ്രാർത്ഥിക്കുവിൻ.
3. ചെറുപ്പത്തിൽ തന്നെ ലൈംഗികമായി പീഡിപ്പിക്കപ്പെടുന്ന പെൺകുട്ടികളുടെമേൽ ദൈവീക സംരക്ഷണത്തിനായി പ്രാർത്ഥിക്കുവിൻ.
4. നമ്മുടെ നാട്ടിലെ സ്ത്രീകൾ സുബോധമുള്ളവരാകാനും ജാഗ്രത പുലർത്തുവാനും പ്രാർത്ഥിക്കുവിൻ.

# ഓൺലൈൻ ആസക്തി

ലോകത്തിൽ ഏറ്റവും കൂടുതൽ പോൺ കാണുന്ന മൂന്നാമത്തെ രാജ്യമാണ് ഇന്ത്യ. അതിൽ 30% സ്ത്രീകളാണ്. 18 മുതൽ 24 വയസ്സുവരെയുള്ളവർ 44% ആണ്. 41% 25 മുതൽ 34 വയസ്സുവരെയുള്ളവരാണ് എന്ന് സ്ഥിതിവിവരക്കണക്കുകൾ പറയുന്നു. 46% ഇന്ത്യക്കാർ ഇന്റർനെറ്റ് ഉപയോഗിക്കുന്നു. ഓൺ ലൈനിൽ കൂടുതൽ സമയം ചെലവഴിക്കുന്ന കുട്ടികൾ പോണോഗ്രഫിക്ക് അടിമകളാകുന്നു. 2020 - 21 ൽ സൈബർ കുറ്റകൃത്യങ്ങൾ രാജ്യത്തുടനീളം 12% വർദ്ധിച്ചതായി റിപ്പോർട്ട് ചെയ്യുന്നു. കേന്ദ്രസർക്കാർ പോൺ വെബ്സൈറ്റുകൾ നിരോധിച്ചതിന് ശേഷവും അശ്ലീല വീഡിയോകൾ വെബ്സൈറ്റുകളിൽ എളുപ്പത്തിൽ കാണാൻ കഴിയും.

## പ്രാർത്ഥനാ വിഷയങ്ങൾ

1. അശ്ലീലം കാണുന്ന ശീലത്തിൽ അകപ്പെട്ട എല്ലാവരുടെയും വിടുതലിനായി പ്രാർത്ഥിക്കുവിൻ.
2. കേന്ദ്രസർക്കാർ നിരോധിച്ച നിരവധി വെബ്സൈറ്റുകളും ആപ്പുകളും വ്യത്യസ്ത പേരുകളിൽ പ്രവർത്തിക്കുന്നത് സർക്കാർ നിർത്തലാക്കുവാനായി പ്രാർത്ഥിക്കുവിൻ.
3. പോൺ കാണുന്നത് പാപമല്ല എന്ന ചിന്താഗതി മാറ്റി, ആ പാപത്തിൽ നിന്ന് വിടുതൽ നേടാനായി പ്രാർത്ഥിക്കുവിൻ.
4. അശ്ലീല ചിത്രങ്ങളിലൂടെ ലൈംഗികമായി ദുരുപയോഗം ചെയ്യപ്പെട്ട കുട്ടികളുടെ വിടുതലിനായി പ്രാർത്ഥിക്കുവിൻ.










# തെരഞ്ഞെടുപ്പ്

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം ഇതുവരെ 17 പാർലമെന്റ് തെരഞ്ഞെടുപ്പുകൾ നടന്നിട്ടുണ്ട്. ഇന്ത്യയിൽ 543 മണ്ഡലങ്ങളുണ്ട്. പാർലമെന്റിലെ ലോക്സഭാ അംഗങ്ങളുടെ കാലാവധി 2024 ജൂൺ 16 ന് അവസാനിക്കും. ഇന്ത്യയിൽ 28 സംസ്ഥാനങ്ങളും, 8 കേന്ദ്രഭരണ പ്രദേശങ്ങളുമുണ്ട്. 91 കോടി വോട്ടർമാരാണ് വോട്ട് ചെയ്യുവാൻ പോകുന്നത്. കഴിഞ്ഞ 2019 ലെ തിരഞ്ഞെടുപ്പിൽ 267 പാർലമെന്റംഗങ്ങൾ ആദ്യമായി പാർലമെന്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യയിൽ 543 ലോക്സഭാ മണ്ഡലങ്ങളുണ്ട് ( പാർലമെന്റ് മണ്ഡലങ്ങൾ). ഇതിൽ 524 മണ്ഡലങ്ങൾ 28 സംസ്ഥാനങ്ങളിലും ബാക്കി 19 എണ്ണം 8 കേന്ദ്രഭരണ പ്രദേശങ്ങളിലുമാണ്.

## പ്രാർത്ഥനാ വിഷയങ്ങൾ

1. 2024 ൽ നടക്കാനിരിക്കുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ കർത്താവിന്റെ ആധിപത്യം ഉണ്ടാകുവാനും, കർത്താവിന്റെ ഹിതപ്രകാരമുള്ളവർ തിരഞ്ഞെടുക്കപ്പെടുവാനും പ്രാർത്ഥിക്കുവിൻ.
2. വോട്ട് ചെയ്യുവാൻ പോകുന്ന ഏകദേശം 91 കോടി ജനങ്ങളുടെയും കണ്ണ് തുറക്കപ്പെടുവാനും, ശരിയായ അംഗത്തെ തെരഞ്ഞെടുക്കുവാൻ അവർ ശരിയായ രീതിയിൽ വോട്ട് ചെയ്യുവാനും പ്രാർത്ഥിക്കുവിൻ.
3. കള്ളവോട്ട് തടയുവാൻ തെരഞ്ഞെടുപ്പ് കമ്മീഷനും പോലീസും ജാഗ്രതയോടെ പ്രവർത്തിക്കുവാൻ പ്രാർത്ഥിക്കുവിൻ.
4. തെരഞ്ഞെടുപ്പിന് തയാറെടുക്കുന്ന പാർട്ടികൾ നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടാതിരിക്കാൻ പ്രാർത്ഥിക്കുവിൻ.

TEC - 2

# ഫോണിന്റെ ഉപയോഗം!



**HELLO FRIENDS! കഴിഞ്ഞ മാസം DIGITAL WELLBEING എന്ന OPTION ൽ SCREEN TIME കൂടാതെ APP TIMERS കുറിച്ച് നാം മനസ്സിലാക്കി.**

നിങ്ങൾക്ക് ഇത് ഉപയോഗപ്രദമാകുമെന്നും നിങ്ങളിൽ പലരും നിങ്ങളുടെ സമയം പാഴാക്കുന്നതിനേക്കാൾ മികച്ച രീതിയിൽ ഇത് ഉപയോഗിക്കുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു.  ഈ മാസവും നിങ്ങളെ ഒരു പുതിയ ക്രമീകരണം പഠിപ്പിക്കുവാൻ ഞങ്ങൾ തയാറാണ്.   ജീവിതത്തിൽ തിരിച്ചടികൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്.

നാം വിശുദ്ധ ജീവിതം നയിക്കാൻ ശ്രമിക്കുമ്പോൾ സാത്താൻ നമുക്ക് ഇടർച്ചകൾ കൊണ്ടുവരുന്നു. ആളുകളിലൂടെയോ, സാഹചര്യങ്ങളിലൂടെയോ, പ്രകൃതിയിലൂടെയോ ഇടർച്ചകൾ ഉണ്ടാക്കുവാൻ അവൻ ശ്രമിക്കും.  നമ്മൾ എന്തെങ്കിലും ചെയ്യുവാൻ ശ്രമിക്കുമ്പോൾ, മനുഷ്യരിലൂടെ  അതിന് അനുവദിക്കാതെ തടസ്സപ്പെടുത്തി, മോശമായി സംസാരിച്ച്, നമ്മെ മടുപ്പിക്കുന്ന കാര്യങ്ങൾ ചെയ്യുന്നു. തൽഫലമായി, നമ്മൾ ചെയ്യുന്നത് ശരിയായി ചെയ്യുവാൻ സാധിക്കില്ല.

യേശു ഒരിക്കൽ, "ഇടർച്ചകൾ വരാതിരിക്കുന്നത് അസാധ്യം എങ്കിലും അവ വരുത്തുന്നവന് അയ്യോ കഷ്ടം" (ലൂക്കോ. 17:1) എന്ന്  പറയുകയുണ്ടായി.

അടുത്തതായി, സാഹചര്യങ്ങളിലൂടെ ഉണ്ടാകുന്ന ഇടർച്ച എന്തെന്നാൽ നാം ഒരു



കാര്യം ചെയ്യുവാൻ ആരംഭിക്കുമ്പോൾ ഏതോ ഒരു സാഹചര്യം, വീട്ടിൽ സംഭവിക്കുന്ന കാര്യം, ശരീരത്തിൽ അപ്രതീക്ഷിതമായി ബലഹീനത പോലുള്ള സാഹചര്യങ്ങൾ നമ്മൾ ചെയ്യുന്നതിനെ തടസ്സപ്പെടുത്തും. അപ്പോൾ സ്വാഭാവികമായും തിരിച്ചടികൾ ഉണ്ടാകും. എവിടെയെങ്കിലും പോകേണ്ട സമയത്ത് മഴ വന്നാൽ, ഇടർച്ച ഉണ്ടാകും. അത് നമ്മൾ കാണുമ്പോൾ പോകേണ്ട സ്ഥലത്ത് പോകാതെ തടസ്സമുണ്ടാകുന്നു.

ഇത്തരം ഇടർച്ചകൾ ഉണ്ടാകുവാൻ പല വഴികളുണ്ടെങ്കിലും ഈ ടെക് ലോകത്ത് പല യൗവനക്കാരുടെയും ഏറ്റവും വലിയ തടസ്സം മൊബൈൽ ഫോൺ ഉപയോഗമാണ്.

ആവശ്യമില്ലാത്ത ആപ്പുകളും പരസ്യങ്ങളും വഴി യൗവനക്കാരുടെ വിശുദ്ധജീവിതം നശിക്കുകയാണ്.

ചിലപ്പോൾ അപകടകരമായ പാപങ്ങളിൽ മുഴുകിയില്ലെങ്കിലും, മൊബൈൽ ഫോണിലെ അറിയിപ്പ് പോലും പലപ്പോഴും അത് കൈയിൽ സൂക്ഷിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു.

ഇത്തരത്തിലുള്ള ആസക്തിയിൽ നിന്ന് കരകയറാനും, ഇടർച്ചകളിൽ നിന്ന് രക്ഷപ്പെടാനും ഒരു വഴിയുണ്ട്. **SETTINGS - DIGITAL WELLBEING AND PARENTAL CONTROLS** ൽ പോകുകയാണെങ്കിൽ, **focus mode**, കൂടാതെ **bedtime mode** എന്ന് ഉണ്ടാകും. ഇതിൽ **focus mode** ഉപയോഗിച്ച് നിങ്ങൾ പഠിക്കുന്ന സമയം, ജോലി ചെയ്യുന്ന സമയം എന്നിങ്ങനെ ജീവിതത്തിൽ ആവശ്യമുള്ളപ്പോൾ **mode on** ആക്കാനാകും.

**focus mode** ൽ നിങ്ങൾ പോയാൽ അതിൽ നിങ്ങൾക്ക് ആവശ്യമായ സമയത്തിൽ അതായത് നിങ്ങൾ പഠിക്കുന്ന അല്ലെങ്കിൽ ജോലി സമയത്ത് മാത്രം ആവശ്യമില്ലാത്ത ചില ആപ്ലിക്കേഷനുകൾ ഓഫാക്കി പ്രധാനപ്പെട്ട ആപ്പുകൾ മാത്രം പ്രവർത്തനക്ഷമമാക്കാം.

ഇതിലൂടെ, നിങ്ങൾ പഠിക്കുമ്പോഴോ ജോലി ചെയ്യുമ്പോഴോ അനാവശ്യമായ ആപ്പുകളിൽ നിന്നുള്ള അറിയിപ്പുകൾ നിങ്ങളെ ശല്യപ്പെടുത്തുകയില്ല, നിങ്ങൾ ഇടറുകയുമില്ല.

"ഓരോരുത്തൻ താന്താന്റെ പ്രവൃത്തി ശോധന ചെയ്യട്ടെ" (ഗലാ. 6:4) എന്ന വചനമനുസരിച്ച് നമുക്ക് സ്വയം പരിശോധിച്ച് വിശുദ്ധ ജീവിതം നിലനിർത്താം. നിങ്ങൾ ഉറങ്ങുമ്പോൾ യാതൊരു ശല്യവുമില്ലാതെ ഉറങ്ങാൻ **Sleep mode** നിങ്ങളെ സഹായിക്കും.

**Ok Friends!** ഈ മാസത്തെ **Tech** നിങ്ങൾക്ക് ഉപകാരപ്രദമായിരുന്നുവെന്ന് ഞാൻ കരുതുന്നു. അടുത്ത മാസം മറ്റൊരു **info**യുമായി വീണ്ടും കാണാം. **Bye!**


# ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!

*യേശു വിടുവിക്കുന്നു*

**ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!**

| Trivandrum | Kochi | Kottayam |
| --- | --- | --- |
| TC-14/386, Panchapura Jn., Extra Police Road, Palayam, Trivandrum - 695 033. Kerala State. | Chandrasseri House, Madaplathuroth, Moothakunnam - 683 516, Kochi, Kerala State. | 2nd Floor, Aswathy Tower, Thekkumgopuram - 686 001, Kottayam, Kerala State. |
| Office Time 9:30 A.M. - 5:30 P.M. | Office Time 9:30 A.M. - 5:00 P.M. | Office Time 10:00 A.M. - 6:00 P.M. |
| Ph: 92497 18266, 0471-233 1392. | Mob: 94966 53183 | Mob: 94967 44001, 99463 00001. |



**ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!**

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.




# ട്രെയിൻ യാത്ര...

വിഘ്നേഷ് സാധരണയായി പ്ലാറ്റ്ഫോമിൽ സ്നേഹിതൻ ആൻഡ്രുവിനെ കാത്തുനിൽക്കും, ഇരുവരും വർഷങ്ങളായി ഒരേ ട്രെയിനിലാണ് ഓഫീസിലേക്ക് പോകുന്നത്.

**ചെന്നൈ നുങ്കമ്പാക്കം റെയിൽവേ സ്റ്റേഷൻ ...**



**വിഘ്നേഷ്:** സാധാരണയായി എനിക്ക് മുമ്പേ വരുമല്ലോ, ഇന്ന് ഇത്രയും സമയമായിട്ടും ആൻഡ്രുവിനെ കാണുന്നില്ലല്ലോ എന്ന് ചിന്തിച്ചുകൊണ്ട് നിന്നപ്പോൾ ആരോ വിഘ്നേഷിന്റെ തോളിൽ കൈവച്ചു. തിരിഞ്ഞ് നോക്കിയപ്പോൾ ആൻഡ്രു.

**ആൻഡ്രു:** വിഘ്നേഷ് ഭയപ്പെട്ടുപോയോ .... ഞാൻ അല്പം വൈകിപ്പോയി....

**വിഘ്നേഷ്:** ഓ എന്താ വൈകിയത്?

**ആൻഡ്രു:** അതൊരു വലിയ കഥയാണ്, ട്രെയിൻ വരുന്നു, നമുക്ക് ട്രെയിനിൽ കയറി വിൻഡോ സീറ്റ് പിടിക്കാം, എന്നിട്ട് പറയാം.




രണ്ടുപേരും ഇരുന്ന് സംസാരിച്ച് തുടങ്ങി.

അടുത്തിരുന്ന ഒരാളുടെ സെൽഫോണിലെ വീഡിയോയിലേക്ക് ഇരുവരുടെയും ശ്രദ്ധ തിരിഞ്ഞു. ഇന്ത്യയിലെ പ്രശസ്തരായ രാഷ്ട്രീയക്കാർ സ്വന്തം ശബ്ദത്തിൽ സിനിമാറ്റിക് ഗാനങ്ങൾ ആലപിക്കുന്നതുപോലെ AI സാങ്കേതികവിദ്യ ഉപയോഗിച്ച് സൃഷ്ടിച്ച വീഡിയോ ആയിരുന്നു അത് ...

**വിഘ്നേഷ്:** ആൻഡ്രൂ .... ഈ AI (Artificial Intelligence) വന്നതിന് ശേഷം ലോകം കീഴ്മേൽ മറിഞ്ഞു .... നീ എന്ത് പറയുന്നു?




ആൻഡ്രൂ: (ബോറഡിക്കുന്നു) AI എന്ത് കുഴപ്പമാണ് ഉണ്ടാക്കാൻ പോകുന്നതെന്ന് എനിക്കറിയില്ല ...

വിഘ്നേഷ്: ( പരിഹാസത്തോടെ പുഞ്ചിരിച്ചുകൊണ്ട്) ഇവൻ ആരാ! എപ്പോൾ നോക്കിയാലും ബൂമർ പോലെ സംസാരിച്ചുകൊണ്ടിരിക്കുന്നു. AI നിമിത്തം എത്രമാത്രം സഹായമാണെന്ന് അറിയാമോ? ഞാനും ഇതിനെക്കുറിച്ച് വായിച്ചിട്ടുണ്ട്.

AI മനുഷ്യരുടെ ജോലി എളുപ്പമാക്കുകയും ജോലി സമയം കുറയ്ക്കുകയും ചെയ്യുന്നു.

ഇത് മാനുഷിക പിശകുകൾ കുറയ്ക്കുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്നു, ആഴക്കടലിലും, മറ്റ് ഗ്രഹങ്ങളിലും ഗവേഷണം നടത്തുക എന്നിങ്ങനെ മനുഷ്യർക്ക് പോകാൻ കഴിയാത്ത സ്ഥലങ്ങളിലേക്ക് AI പവർ റോബോട്ടുകൾക്ക് പോകാൻ കഴിയും തുടങ്ങി ഒരു നീണ്ട പട്ടിക പറഞ്ഞ് അവസാനിപ്പിച്ചു.

ആൻഡ്രൂ: ചെറു പുഞ്ചിരിയോടെ വിഘ്നേഷ് നീ പറഞ്ഞത് ശരിയാണ്. എന്നാൽ അത് ഒരു വശം മാത്രമാണ് ...

ഈ AI ഇപ്പോൾ മികച്ചതായി കാണപ്പെടുന്നു, എന്നാൽ അത് ഒടുവിൽ മനുഷ്യരെ മടിയന്മാരാക്കും. മനുഷ്യന് ചിന്തിക്കുവാനുള്ള കഴിവുണ്ട്, ഇത് പുതിയ കാര്യങ്ങൾ രൂപകൽപ്പന ചെയ്യുവാനുള്ള അവരുടെ കഴിവ് കുറയ്ക്കുകയും അവരുടെ തലച്ചോറിനെ മന്ദഗതിയിലാക്കുകയും പൂർണ്ണമായും യന്ത്രങ്ങളെ ആശ്രയിച്ച് ജീവിക്കുവാൻ ഇടയാക്കുകയും ചെയ്യും. അതുമാത്രമല്ല, AI സാങ്കേതികവിദ്യയിലൂടെ സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന വീഡിയോകൾ സമൂഹ വിരോധികൾ പുറത്തിറക്കുന്നു. ഇപ്പോൾ നീ ജോലി ചെയ്യുന്ന ഐടി കമ്പനിയിൽ പോലും ഈ സാങ്കേതികവിദ്യ കൊണ്ടുവരുന്നതിനെ കുറിച്ചാണോ പറയുന്നത്?

വിഘ്നേഷ്: (ചിന്തിച്ചുകൊണ്ട്) അതെ ... അതിനെന്താ?

ആൻഡ്രൂ: ഹും ... എങ്കിൽ വേഗം മറ്റൊരു ജോലി നോക്കൂ ....

വിഘ്നേഷ്: എന്താ അങ്ങനെ പറയുന്നത് ...എന്റെ ജോലി സുരക്ഷിതമാണല്ലോ. ( ഇടറിയ ശബ്ദത്തോടെ)

ആൻഡ്രൂ: നീ തന്നെ പറയണം. AI സാങ്കേതികവിദ്യ നിമിത്തം പലർക്കും ജോലി നഷ്ടപ്പെട്ടു. ഇതുമൂലം തൊഴിലില്ലായ്മ വർദ്ധിക്കുമെന്നും പറയുന്നു. ലോകത്തിലെ 37% ബിസിനസ്സ് ഉടമകൾ 2023 മുതൽ അവരുടെ കമ്പനികളിൽ മനുഷ്യരെ ഒഴിവാക്കി അതിനുപകരം AI സാങ്കേതികവിദ്യ ഉപയോഗിച്ചുവരുന്നു. നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ, വാട്സാപ്പിൽ ഈ QR code അയച്ച്, സ്കാൻ ചെയ്ത് നോക്കൂ.

വിഘ്നേഷ്: അയ്യോ ദൈവമേ! ഇത്രയും പ്രശ്നമാണെന്ന് എനിക്കറിയില്ലായിരുന്നു! അപ്പോൾ എന്താണ് ഇതിനുള്ള പരിഹാരം?

ആൻഡ്രൂ: പ്രാർത്ഥനയാണ് ഏക പരിഹാരം. ലോകത്തിൽ എന്ത് പ്രശ്നമുണ്ടായാലും "ഒരു ദോഷവും തട്ടാതവണ്ണം നിന്നെ പരിപാലിക്കും" എന്ന് കർത്താവ് വാഗ്ദത്തം നൽകിയിട്ടുണ്ട്. നീയും കർത്താവിനോട് പ്രാർത്ഥിക്കുക.

വിഘ്നേഷ്: നിനക്ക് ഒരവസരം ലഭിച്ചപ്പോൾ ആ വിടവിലൂടെ നിന്റെ മതത്തെക്കുറിച്ച് എന്നോട് പറയുന്നുവല്ലേ ... കൊള്ളാമല്ലോ നീ ... നിന്റെ കർത്താവ് എന്താണ് ചെയ്യുവാൻ പോകുന്നത് നോക്കാം. ഇറങ്ങേണ്ട സ്ഥലം എത്തിയപ്പോൾ നമുക്ക് കാണാം എന്ന് യാത്ര പറഞ്ഞ് കടന്നുപോയി.

(ആൻഡ്രൂ ഒരു രക്ഷിക്കപ്പെട്ട ക്രിസ്ത്യാനിയാണ്, വിഘ്നേഷ് ഒരു നിരീശ്വരവാദിയാണ്)

അവരുടെ സംഭാഷണം തുടരും...



# വീരനായ തിമൊഥെയൊസ്!

ഭാഗം - 2



**Hi friends** എല്ലാവരും എങ്ങനെയിരിക്കുന്നു? ഈ പരമ്പരയിലൂടെ നിങ്ങളെ വീണ്ടും കണ്ടതിൽ സന്തോഷം. കഴിഞ്ഞ മാസം തിമൊഥെയൊസിന്റെ ബാല്യകാലവും അവൻ ചെറുപ്പത്തിൽ തന്നെ തിരുവെഴുത്തുകൾ പഠിച്ചതും യേശുക്രിസ്തുവിലുള്ള മുത്തശ്ശിയുടെയും അമ്മയുടെയും വിശ്വാസം എങ്ങനെ മുറുകെപ്പിടിച്ചു എന്നു നമ്മൾ കണ്ടു.

## Non - Stop വളർച്ച

ഒരു വിത്ത് പാകുകയും നന്നായി നനയ്ക്കുയും പരിപാലിക്കുകയും ചെയ്താൽ അത് ഒരു നല്ല വൃക്ഷമായി വളരുകയും രുചികരമായ ഫലം കായ്ക്കുകയും ചെയ്യും. അതുപോലെ പൗലൊസ് തിമൊഥെയൊസിൽ വിതച്ച വിത്ത് നന്നായി പരിപാലിക്കപ്പെട്ടതിനാൽ മനോഹരമായ ഫലങ്ങൾ പുറപ്പെടുവിക്കപ്പെട്ടു.

ബാല്യത്തിൽ ജ്വലിച്ച യേശുവിനോടുള്ള സ്നേഹം യൗവനത്തിൽ അസ്തമിക്കുമോ? ക്രിസ്തുവിനെ അനുഗമിക്കുവാനുള്ള തന്റെ തീരുമാനത്തിൽ തിമൊഥെയൊസ് പരിഭ്രമിച്ച് നിന്നുവോ? ഇല്ല. അത് ഒരു വൈകാരിക തീരുമാനമായിരുന്നുവോ? വൈകാരികമായി തന്നോടൊപ്പം ചേർന്ന യേശുക്രിസ്തുവിന്റെ സ്നേഹം ആസ്വദിക്കുവാൻ വേണ്ടി എടുത്ത തീരുമാനം. ചെറുപ്പത്തിൽത്തന്നെ ക്രിസ്തുവിനുവേണ്ടി എന്തെങ്കിലും ചെയ്യുവാൻ അത് അവനെ പ്രേരിപ്പിച്ചു. ചെറുപ്പത്തിൽ എന്ത് തീക്ഷ്ണത കാണിച്ചാലും, അൽപ്പമെങ്കിലും ലോകം എങ്ങനെ എന്ന് കാണുവാനുള്ള ആഗ്രഹം യൗവനത്തിൽ ഉണ്ടാകുന്നു. അല്ലേ ? എന്നാൽ നമ്മുടെ തിമൊഥെയൊസ് അല്പം വ്യത്യസ്തനാണ്.

പൗലൊസ് ആദ്യമായി ലുസ്ത്രയിൽ സുവിശേഷപ്രഘോഷണം നടത്തിയപ്പോൾ, രക്ഷിക്കപ്പെട്ട വിശ്വാസിയായിരുന്ന തിമൊഥെയൊസ് രണ്ടാം പ്രാവശ്യം, നല്ല ശിഷ്യനായി കണ്ടു (അപ്പൊ. 16:1). ആത്മവിശ്വാസത്തോടെ ദൈവത്തിൽ നിന്ന് എന്തെങ്കിലും പ്രതീക്ഷിക്കുന്നവനാണ് വിശ്വാസി. എന്നാൽ ഒരു ശിഷ്യൻ കർത്താവിനായി സ്വയം സമർപ്പിക്കുന്നവനാണ്, പഠിക്കുന്നവനാണ്. താൻ പഠിച്ചത് പിന്തുടരുകയും അത് നടപ്പിലാക്കുകയും ചെയ്യുന്നവനുമാണ്.

ഒരു വിശ്വാസിയും ശിഷ്യനും തമ്മിലുള്ള വ്യത്യാസം നിങ്ങൾ കണ്ടോ? തിമൊഥെയൊസ് ദൈവസന്നിധിയിൽ എന്തെങ്കിലുമല്ല, കർത്താവ് തന്നിൽ നിന്ന് പ്രതീക്ഷിക്കുന്ന കാര്യങ്ങൾ നിറവേറ്റുന്ന ഒരു നല്ല ശിഷ്യനായിരുന്നു.

എത്ര വലിയ ആത്മീയ വളർച്ചയാണെന്ന് നോക്കൂ **friends**. ഒരു നല്ല ശിഷ്യനുവേണ്ട എല്ലാ ഗുണങ്ങളും തിമൊഥെയൊസിന് ഉണ്ടായിരുന്നു. തിമൊഥെയൊസ് ഒരു ഭയന്ന സ്വഭാവക്കാരനായിരുന്നു ( 1കൊരി.16:10). എന്നാൽ യേശു പറഞ്ഞതുപോലെ, തന്നെയും ലോകത്തെയും വെറുക്കുവാനും തന്റെ ക്രൂശ് എടുക്കുവാനുമുള്ള ധൈര്യം അവനുണ്ടായിരുന്നു. (പിന്നെ യേശു ശിഷ്യന്മാരോടു പറഞ്ഞത്: ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ ... മത്തായി 16:24).

നമുക്ക് അതിനെക്കുറിച്ച് ചിന്തിക്കാം. നാം രക്ഷിക്കപ്പെട്ടിട്ട് എത്ര വർഷമായി? എന്നാൽ നമ്മുടെ ആത്മീയവളർച്ച എങ്ങനെയിരിക്കുന്നു? നാം വിശ്വാസികളായിരിക്കുന്നുവോ? അതോ ലോകത്തെ വെറുത്ത് ക്രൂശ് ചുമക്കുവാൻ സ്വയം സമർപ്പിക്കപ്പെട്ട തിമൊഥെയൊസിനെപ്പോലെ ശിഷ്യന്മാരായിരിക്കുന്നുവോ?

## തിമൊഥെയൊസ് നല്ല സാക്ഷ്യം:

പൊതുവെ യൗവനക്കാരായ നമുക്ക് ഒരു **Role model** ഉണ്ടായിരിക്കും. അവരെപ്പോലെ വസ്ത്രം ധരിക്കുവാനും അവരെപ്പോലെ **Hair Style** ചെയ്യുവാനും വളരെ ആഗ്രഹിക്കുന്നു. തുടർന്ന്, നമ്മുടെ ജീവിതത്തിൽ അവരെ പ്രതിഫലിക്കുന്നവരായി നാം മാറും.



യേശുക്രിസ്തുവിൽ വളരെയധികം ആകർഷിക്കപ്പെട്ട തിമൊഥെയൊസും അങ്ങനെത്തന്നെയായിരുന്നു. ബാല്യത്തിൽ തന്നെ അവൻ തന്റെ ജീവിതത്തിൽ യേശുവിനെ പ്രതിഫലിപ്പിക്കാൻ തുടങ്ങി. അവന്റെ ചെറുപ്പത്തെക്കുറിച്ച് ആർക്കും പരാതിപ്പെടാൻ കഴിഞ്ഞിരുന്നില്ല. അപ്പൊ. 16:2 ൽ 'അവൻ സഹോദരന്മാരാൽ നല്ല സാക്ഷ്യം കൊണ്ടവൻ ആയിരുന്നു' എന്ന് വായിക്കുന്നു. സ്വന്തം പട്ടണത്തിൽ സാക്ഷിയായി ജീവിക്കുന്നത് പ്രയാസമേറിയ കാര്യമാണ്. എന്നാൽ തിമൊഥെയൊസ് ഇക്കോന്യയിലും ലുസ്ത്രയിലും നല്ലൊരു സാക്ഷിയായിരുന്നു. അവന്റെ സാക്ഷ്യത്തിൽ ആകൃഷ്ടനായ പൗലൊസ് തിമൊഥെയൊസിനെ ശുശ്രൂഷയിൽ തന്നോടൊപ്പം നിർത്തി.

ഇന്ന് നമ്മുടെ സാക്ഷ്യം എങ്ങനെയിരിക്കുന്നു? നമുക്ക് ചുറ്റുമുള്ളവർ നമ്മളെക്കുറിച്ച് എന്താണ് പറയുന്നത്? നമ്മുടെ കുടുംബം എന്താണ് പറയുന്നത്? ബാല്യത്തിൽ തന്നെ ഒരു നല്ല സാക്ഷ്യം പ്രാപിക്കുക എന്നത് വളരെ പ്രയാസമേറിയ കാര്യമാണ്. കാരണം ലോകത്തിന്റെ മുഴുവൻ കണ്ണുകളും നമ്മിലേക്കാണ്. നമ്മുടെ ജീവിതത്തിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ ജീവിതത്തിലുടനീളം ചുവന്ന നിറത്തിൽ എഴുതിയിരിക്കുന്നതുപോലെ എല്ലാവരും അത് ചൂണ്ടിക്കാണിക്കും.

നമുക്ക് നല്ല സാക്ഷ്യം ഉണ്ടെങ്കിൽ, നമ്മുടെ യൗവനം ആരും അവഗണിക്കില്ല. ജീവിതത്തിൽ എന്ത് നഷ്ടപ്പെട്ടാലും നമുക്ക് തിരികെ ലഭിക്കും. പക്ഷേ സൽപ്പേര് നഷ്ടപ്പെട്ടാൽ അത് തിരിച്ചുപിടിക്കുക എന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്.

## അപ്പോൾ .... എങ്ങനെയാണ് തിമൊഥെയൊസിന് മാത്രം ഇങ്ങനെ ജീവിക്കുവാൻ കഴിഞ്ഞത്?

തിമൊഥെയൊസിന് വേണമെങ്കിൽ തന്റെ ഇഷ്ടപ്രകാരം ജീവിക്കാമായിരുന്നു. എന്നിട്ടും അവൻ ഒരു സമർപ്പണബോധമുള്ള, കർത്താവിനെ ബഹുമാനിക്കുന്ന, കർത്താവിന് ഒന്നാം സ്ഥാനം നൽകുന്നവനായി ഇരുന്നതിനാൽ മാത്രം, ഇന്ന് അവൻ നമ്മെപ്പോലുള്ള നിരവധി യുവജനങ്ങൾക്ക് ഒരു വെല്ലുവിളിയാണ്. പ്രപഞ്ചം സൃഷ്ടിച്ച കർത്താവിന് സ്വയം സമർപ്പിച്ച്, തന്റെ പഞ്ചേന്ദ്രിയങ്ങളെ നിയന്ത്രിച്ച്, ഒരു നല്ല ശിഷ്യനായി സ്വയം കാണിച്ച തിമൊഥെയൊസിനെപ്പോലെ ഒരു നല്ല ശിഷ്യനായി ജീവിക്കുവാൻ നിങ്ങൾ തയാറാണോ? കാലാകാലങ്ങളായി നമ്മോട് **Hi** പറയുന്ന പാപങ്ങളോട് ധൈര്യമായി **Bye** പറഞ്ഞ് നമ്മുടെ ജീവിതത്തിൽ യേശുക്രിസ്തുവിനെ പ്രതിഫലിപ്പിച്ച് നല്ല സാക്ഷ്യമുള്ള ജീവിതം നയിക്കുവാൻ നിങ്ങൾ തയാറാണോ?

ഇതുപോലെ, തിമൊഥെയൊസിനെക്കുറിച്ചുള്ള കൂടുതൽ രസകരമായ കാര്യങ്ങൾ അടുത്ത ഭാഗത്തിൽ കാണാം.

- വീരയുഗം തുടരും...

# നരകം നിസ്സാരമോ!

ഭാഗം - 2

Hello Friends കഴിഞ്ഞ മാസം നാം നരകത്തെക്കുറിച്ചുള്ള രസകരമായ നിരവധി വസ്തുതകൾ പഠിച്ചു. അല്ലേ? 'നരകം എങ്ങനെയായിരിക്കും?', 'ആരാണ് നരകം സൃഷ്ടിച്ചത്?', 'ആർക്കുവേണ്ടിയാണ് നരകം സൃഷ്ടിച്ചത്?' അങ്ങനെ ധാരാളം ചോദ്യങ്ങളുടെ ഉത്തരങ്ങൾ നാം പഠിച്ചു. ഈ മാസം മുതൽ, സാത്താൻ നമ്മെ നരകത്തിലേക്ക് അയക്കുവാനുള്ള ആഗ്രഹത്തോടെ, നമ്മെ പാപം ചെയ്യിച്ച്, നരകത്തിലേക്ക് ടിക്കറ്റ് നൽകി അയക്കുവാൻ നോക്കുന്നത് എങ്ങനെ എന്ന് കാണുവാൻ പോകുന്നു. 'പാപം ചെയ്യുന്ന ദേഹി മരിക്കും' എന്ന് വിശുദ്ധ വേദപുസ്കത്തിൽ പറയുന്നു. നാം ചെയ്യുന്ന പാപങ്ങൾ നമ്മുടെ ആത്മാവിനെ കൊല്ലുകയും നിത്യ നരകത്തിൽ അകപ്പെടുത്തുകയും ചെയ്യുന്ന ഒരു വലിയ പട്ടിക വേദപുസ്തകത്തിലുണ്ട്. ഈ മാസം ആദ്യം നമുക്ക് ലൈംഗിക പാപങ്ങളെക്കുറിച്ച് അറിയാം.

## എന്താണ് ലൈംഗിക പാപം?

വ്യഭിചാരികൾ, ദുർന്നടപ്പുകാർ, അശുദ്ധർ, ദുഷ്കാമികൾ, സ്വയഭോഗികൾ (LGBTQ), പുരുഷകാമികൾ (Masturbation), മൃഗങ്ങളുമായി ഇണചേരൽ (Mating with animals) മുതലായവ. ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല. (1 കൊരി. 6:9,10 ഗലാ. 5:19-21).

വിവാഹത്തിന് മുമ്പ് അവിഹിത ബന്ധം പുലർത്തുന്നതാണ് വ്യഭിചാരം. ഇന്ന് യൗവനക്കാർ മാതാപിതാക്കൾ അറിയാതെ പഠനത്തിനോ ജോലിക്കോ വേണ്ടി വീടുവിട്ടിറങ്ങുകയും അവർ ഇഷ്ടപ്പെടുന്ന വ്യക്തിയുമായി വിവാഹത്തിന് മുമ്പ് ലിവ് - ഇൻ ബന്ധങ്ങളിൽ തുടരുകയും ചെയ്യുന്നു.



അപരിചിതരുമായോ സ്നേഹിതരുമായോ തങ്ങളുടെ ആഗ്രഹങ്ങൾ നിറവേറ്റുന്നതിനായി ഫ്രണ്ട്സ് പാർട്ടി, നൈറ്റ് ഔട്ട്, പബ്ബ് മുതലായവയിൽ മദ്യം കഴിച്ച് ചിലർ തെറ്റ് ചെയ്യുന്നു. മറ്റു പലരും Friends with benefits എന്ന് പറഞ്ഞുകൊണ്ട് അവരുടെ മനോഹരമായ യൗവനത്തെ മലിനമാക്കുന്നു.

സ്വവർഗരതി (LGBTQ ആണോട് ആണും, പെണ്ണോട് പെണ്ണും ബന്ധം പുലർത്തുന്നത്) എന്ന പാപം നാം ജീവിച്ചുകൊണ്ടിരിക്കുന്ന ഈ നാളുകളിൽ വർദ്ധിച്ചുവരുന്നു. Yearly once, Pride Paradise എന്ന പേരിൽ റാലി നടക്കാറുണ്ട്. ഇത് കർത്താവിനെ കോപിപ്പിക്കുന്ന, ദുഃഖിപ്പിക്കുന്ന, കർത്താവ് വെറുക്കുന്ന പാപമാണ്. സൊദോം ഗൊമോറ നഗരത്തിന്റെ നാശത്തിന് കാരണം ഈ പാപമാണ്. ഈ പാപങ്ങളെല്ലാം യൗവനക്കാരുടെ മദ്ധ്യത്തിൽ വർദ്ധിക്കുന്നതിന്റെ പ്രധാന കാരണം അശ്ലീല വെബ്സൈറ്റുകളാണ് (Porn Websites). ഇന്ന് അനേകം യൗവനക്കാർ സ്വന്തം ശരീരത്തെ അശുദ്ധമാക്കുന്നു. ഇതുമൂലം നിരവധി ലൈംഗിക കുറ്റകൃത്യങ്ങൾ നടക്കുന്നു. "മനുഷ്യൻ ചെയ്യുന്ന ഏതു പാപവും ശരീരത്തിനു പുറത്താകുന്നു. ദുർന്നടപ്പുകാരനോ സ്വന്തശരീരത്തിനു വിരോധമായി പാപം ചെയ്യുന്നു" (1കൊരി.6:18) എന്ന് തിരുവെഴുത്തുകൾ പറയുന്നു.

വിവാഹശേഷം വിവാഹേതര ബന്ധം പുലർത്തുന്നത് വ്യഭിചാരമാണ്. പല യൗവനക്കാരും വിവാഹത്തിന്

മുമ്പ് മറ്റൊരാളുമായി പ്രണയത്തിലാകുകയും ചില കാരണങ്ങളാൽ വേർപിരിഞ്ഞ് മറ്റൊരാളെ വിവാഹം കഴിക്കുകയും ചെയ്യുന്നു. വിവാഹശേഷം, ഫേസ്ബുക്ക് അല്ലെങ്കിൽ ഇൻസ്റ്റാഗ്രാം പോലുള്ള സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകളിലൂടെ അവർ തങ്ങളുടെ ദീർഘകാല ബന്ധം പുനരുജ്ജീവിപ്പിക്കുന്നു. ചാറ്റിംഗ്, ഓഡിയോ കോളുകൾ, വീഡിയോ കോളുകൾ, മീറ്റിംഗുകൾ എന്നിവ ക്രമേണ ശക്തമാവുകയും ഒടുവിൽ വിവാഹ ഉടമ്പടി ലംഘിക്കുകയും ജീവിതപങ്കാളിയെ വഞ്ചിക്കുകയും ചെയ്യുന്നു. ഇതുമൂലം കുടുംബജീവിതത്തിൽ വലിയ പ്രശ്നങ്ങൾ (സംശയം, കലഹം, വിവാഹമോചനം) അഭിമുഖീകരിക്കേണ്ടിവരുന്നു. "വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമലവും ആയിരിക്കട്ടെ" (എബ്രാ. 13:4) എന്ന് വിശുദ്ധവേദപുസ്തകം പറയുന്നു.



നിങ്ങൾ ഈ ലൈംഗിക പാപങ്ങളെ ഒരു ഗെയിമായി കണക്കാക്കാം. ലോകത്തിൽ മറ്റാരും ചെയ്യാത്ത കാര്യം ഞാൻ ചെയ്തുവെന്ന് പോലും നിങ്ങൾ ചിന്തിച്ചേക്കാം. എന്നാൽ അനന്തരഫലങ്ങൾ ഭയങ്കരമാണ്. വിവാഹത്തിന് മുമ്പ് ഒരാളുമായി നിങ്ങൾ നടത്തിയ അവിഹിത ബന്ധത്തിന്റെ ഓർമ്മകൾ നിങ്ങളുടെ ഉപബോധമനസ്സിൽ പതിഞ്ഞിരിക്കുന്നു. നിങ്ങൾ മറ്റൊരാളെ വിവാഹം കഴിച്ചതിന് ശേഷവും നിങ്ങളുടെ ജീവിതകാലം മുഴുവൻ കുറ്റബോധം ഉണ്ടാക്കുന്നത് തുടരും. നിങ്ങളുടെ ജീവിത പങ്കാളിയുമായി സാധാരണ കുടുംബജീവിതം നയിക്കുവാൻ നിങ്ങൾക്ക് കഴിയില്ല. ഒടുവിൽ വിവാഹമോചനത്തിൽ കലാശിച്ചേക്കാം. അത് മാത്രമല്ല, പല ശാരീരിക രോഗങ്ങൾക്കും (**HIV, STDs, Syphilis, gonorrhoea, hepatitis B**) കാരണമാകുന്നു. പലർക്കും മാനസിക രോഗങ്ങളും ഉണ്ടാകുന്നു.

പഴയ നിയമത്തിൽ വ്യഭിചാരം, പരസംഗം, സ്വവർഗരതി മുതലായവ കർത്താവ് വെറുക്കുന്ന ഏറ്റവും വലിയ പാപങ്ങളായി കണക്കാക്കപ്പെട്ടിരുന്നു. എന്നാൽ പുതിയ നിയമത്തിൽ പുരുഷൻ സ്ത്രീയെ ആഗ്രഹത്തോടെ നോക്കിയാൽ അത് വ്യഭിചാരമാണെന്ന് വചനം പറയുന്നു.

ഈ ലൈംഗിക പാപങ്ങളുടെ ഉറവിടം കണ്ണുകളാണ്. അശ്ലീലമായ കാര്യങ്ങൾ കാണുമ്പോൾ ആദ്യം കണ്ണുകളിലൂടെ പ്രവേശിച്ച് മനസ്സിനെ മലിനമാക്കുകയും ഒന്നിനുപുറകെ ഒന്നായി അശുദ്ധമായ കാര്യങ്ങൾ ചെയ്യുകയും ചെയ്യുന്നു. അപ്പോൾ ഇത് വ്യക്തിയുടെ ദേഹത്തെയും ദേഹിയെയും ആത്മാവിനെയും ബാധിക്കുന്നു.

ശരീരത്തിന്റെ വിളക്ക് കണ്ണാകുന്നു; കണ്ണു ചൊവ്വുള്ളതെങ്കിൽ ശരീരം മുഴുവനും പ്രകാശിതമായിരിക്കും; ദോഷമുള്ളതാകിലോ ശരീരവും ഇരുട്ടുള്ളതുതന്നെ" (ലൂക്കോ. 11:34). നാം ചെയ്യുന്ന ഈ പാപങ്ങളുടെ ഫലം ആത്മാവിന്റെ മരണമാണ്. "പാപത്തിന്റെ ശമ്പളം മരണമത്രേ" (റോമർ 6:23).

യേശുക്രിസ്തു ക്രൂശിൽ മരിക്കുന്നതുവരെ കർത്താവ് വിശുദ്ധ ദേവാലയങ്ങളിൽ വസിച്ചിരുന്നു. എന്നാൽ പിതാവ് തന്റെ ഏകജാതനായ പുത്രനെ നമുക്കുവേണ്ടി ഈ ലോകത്തിൽ ഒരു രക്ഷകനായി നൽകിയതിനുശേഷം, ദൈവം നമ്മോട് വളരെ അടുത്തു, മനുഷ്യരുടെ ഹൃദയങ്ങളിൽ വസിക്കുവാൻ തുടങ്ങി. ഈ സത്യം അറിയാത്തവരാണ് ഇത്തരം പാപങ്ങൾ ചെയ്ത് കർത്താവ് വസിക്കുന്ന വിശുദ്ധമായ ശരീരത്തെ അശുദ്ധമാക്കി ദൈവത്തെ ദുഃഖിപ്പിക്കുന്നത്. "ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ?" (1 കൊരി. 6:19).

ഇത് വായിക്കുന്ന പ്രിയ യൗവനക്കാരെ! "നിന്റെ കണ്ണ് നിനക്കു ഇടർച്ച വരുത്തിയാൽ അതിനെ ചൂന്നുകളക; ഒറ്റക്കണ്ണനായി ദൈവരാജ്യത്തിൽ കടക്കുന്നത് രണ്ടുകണ്ണുള്ളവനായി അഗ്നിനരകത്തിൽ വീഴുന്നതിനെക്കാൾ നിനക്ക് നല്ലത്" (മർക്കൊസ് 9:47). നാം ജീവിക്കുന്ന ഈ ലോകത്തിൽ ഇടർച്ചകളും പ്രലോഭനങ്ങളും ഉണ്ടെന്നത് സത്യമാണ്. എല്ലാ പാപങ്ങൾക്കും പിന്നിൽ പിശാചാണ്. അവൻ വളരെ കൗശലക്കാരനാണ്. യേശുവിനു വേണ്ടി ഓടുന്ന നിങ്ങളെ എങ്ങനെയെങ്കിലും ഈ പാപങ്ങൾ ചെയ്യിപ്പിച്ച് **Nice** ആയി നരകത്തിൽ എത്തിക്കുക എന്നതാണ് സാത്താന്റെ ലക്ഷ്യം.

നമ്മുടെ സ്വന്തം ശക്തിയാൽ ഈ പാപങ്ങളെ മറികടക്കാൻ പ്രയാസമാണ്. എന്നാൽ പരിശുദ്ധാത്മാവിന്റെ സഹായത്തോടെ ഈ കാര്യങ്ങളെ പൂർണ്ണമായും മറികടന്ന് ജയം പ്രാപിക്കാൻ കഴിയും.

"നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിലൊക്കെയും പൂർണജയം പ്രാപിക്കുന്നു". (റോമർ 8:37).

**Okay friends,** അടുത്ത മാസം നരകത്തിന് കാരണമായ മറ്റൊരു പാപത്തെക്കുറിച്ച് അറിയാം.




# ഇന്ത്യയിലെ വിജയികളായ സ്ത്രീകൾ



## സൈന നെഹ് വാൾ (ബാഡ്മിന്റൺ)

ഒളിമ്പിക്സ് ക്വാർട്ടർ ഫൈനലിലെത്തുന്ന ആദ്യ ഇന്ത്യൻ അത് ലെറ്റായി സൈന നെഹ് വാൾ. 2012 ൽ ലണ്ടൻ ഒളിമ്പിക്സിൽ വെങ്കല മെഡൽ നേടിയ ആദ്യ ഇന്ത്യക്കാരി. ഇന്ത്യയിലെ ബാഡ്മിന്റൺ കായികരംഗത്ത് സ്ത്രീകൾക്കും മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിയുമെന്ന തിരിച്ചറിവ് നിരവധി യുവതികൾക്ക് പ്രചോദനമായി. സൈനയുടെ സ്ഥിരോത്സാഹത്തിന് 24 അന്താരാഷ്ട്ര ചാമ്പ്യൻഷിപ്പുകളും രാഷ്ട്രപതിയുടെ അവാർഡുകളും ലഭിച്ചു. വനിതാ താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി തന്റെ ജന്മനാടായ ഹരിയാനയിൽ ബാഡ്മിന്റൺ അക്കാദമി പ്രോഗ്രാമുമായി യുവതാരം പ്രവർത്തിക്കുന്നു.



## മേരി കോം (ബോക്സർ)

ഇന്ത്യൻ സംസ്ഥാനമായ മണിപ്പൂരിൽ നിന്നുള്ള ഒരു ബോക്സറാണ്. 2020ൽ അവർക്ക് പത്മവിഭൂഷൺ പുരസ്കാരം ലഭിച്ചു. ലോക വനിതാ ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ തുടർച്ചയായി 5 തവണ സ്വർണം നേടുന്ന ആദ്യ ഇന്ത്യൻ അത് ലെറ്റാണ് അവർ. ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനമായ മണിപ്പൂരിൽ നിന്നുള്ള മേരി കോം മൂന്ന് കുട്ടികളുടെ അമ്മയാണ്.



## അന്ന രാജം മൽഹോത്ര (ഇന്ത്യയിലെ ആദ്യ വനിതാ ഐഎഎസ് ഓഫീസർ)

ഇന്ത്യയിലെ ആദ്യത്തെ വനിതാ ഇന്ത്യൻ സിവിൽ സർവീസ് ഓഫീസറാണ്. കേരളത്തിലെ ആലപ്പുഴ ജില്ലയിലെ നിരണത്ത് ഒറ്റവേലിൽ ജോർജിനും അന്ന പോളിനും മകളായി ജനിച്ചു. 1950 ൽ ഐ.എ.എസ്. പരീക്ഷ എഴുതി വിജയിച്ചു. ഇതോടെ സ്വതന്ത്ര ഇന്ത്യയിലെ ആദ്യ വനിതാ ഐ.എ.എസ്. ഓഫീസറായി. രാജാജി ഉൾപ്പെടെ 7 മുഖ്യമന്ത്രിമാരോടൊപ്പം പ്രവർത്തിച്ചിട്ടുണ്ട്. 1989 ൽ പത്മഭൂഷൺ നൽകി ആദരിച്ചു.



## ഹിന ജയ്സ്വാൾ ( ഇന്ത്യൻ എയർഫോഴ്സിലെ ആദ്യ വനിതാ എഞ്ചിനീയർ)

ഛത്തീസ്ഗഡിൽ നിന്നുള്ള ഫ്ലൈറ്റ് ലെഫ്റ്റനന്റ് ഹിന ജയ്സ്വാൾ ഇന്ത്യൻ എയർഫോഴ്സിൽ (ഐഎഎഫ്) ചേരുന്ന ആദ്യത്തെ വനിയാ ഫ്ലൈറ്റ് എഞ്ചിനീയറായി ചരിത്രം സൃഷ്ടിച്ചു. ജനുവരി 5ന് ഐഎഎഫിന്റെ എൻജിനീയറിങ് വിഭാഗത്തിൽ കമ്മീഷൻ ചെയ്ത ജയ്സ്വാൾ, ഷൂട്ടിങ്ങിന്റെ മേധാവിയായും എയർക്രാഫ്റ്റ് ഫ്രണ്ട് സർഫേസ് ബാറ്ററി കമാൻഡറായും സേവനമനുഷ്ഠിച്ചു.